# ലോക മിഷൻഞായർ -2010

## സഭാസമൂഹങ്ങൾ പടുത്തുയർത്തുക മിഷന്റെ മുഖ്യദൗത്യം

## ബെനഡിക്ട് 16-മൻ മാർപാപ്പ

പ്രിയ സഹോദരീ സഹോദരൻമാരേ,

ഒക്ടോബർ മാസത്തിൽ നാം ലോക മിഷൻഞായർ ആഘോഷിക്കുന്നു. സുവിശേഷം പ്രഘോഷിക്കാനും അജപാലനപ്രവർത്തനങ്ങൾക്കു കൂടുതൽ പ്രേഷിതത്വാഭിമുഖ്യം നല്കാനുമുള്ള സമർപ്പണം പുതുക്കാൻ അത് അവസരം നല്കും. രൂപതകൾക്കും ഇടവകസമൂഹങ്ങൾക്കും സമർപ്പിത ജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും സഭാത്മക പ്രസ്ഥാനങ്ങൾക്കും എന്നല്ല ദൈവജനത്തിനു മുഴുവനും നല്കപ്പെടുന്ന ഒരവസരമാണിത്. ഈ വാർഷിക സംഭവം ആരാധനക്രമ മതബോധനം, ജീവകാരുണ്യപ്രവർത്തനം, സംസ്കാരം എന്നീ മണ്ഡലങ്ങളിൽ കൂടുതൽ തീവ്രതയോടെ ജീവിക്കാൻ നമ്മെ ക്ഷണിക്കുന്നു. അത്തരം ജീവിത പ്രക്രിയയിലൂടെ കർത്താവ് തന്റെ വചനത്തിന്റെയും ദിവ്യകാരുണ്യത്തിന്റെയും വിരുന്നിലേക്കു നമ്മെ വിളിക്കുന്നുണ്ട്. അവിടെ സാന്നിധ്യമാകുന്ന മഹാദാനം ആസ്വദിക്കാനും അവിടത്തെ വിദ്യാലയത്തിൽ പരിശീലിപ്പിക്കപ്പെടാനും നമ്മുടെ ഗുരുവും കർത്താവുമായ അവിടുത്തോട് പൂർവ്വാധികം അടുത്തു ബന്ധപ്പെട്ടു ജീവിക്കാനുമാണത്. അവിടന്ന് നമ്മോട് ഇങ്ങനെ പറയുന്നു. "എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും" (യോഹ 14:21).

നമ്മുടെ ജീവിതത്തെ പരിവർത്തനം ചെയ്യിക്കുന്ന ദൈവസ്നേഹവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് അവിടത്തോടുള്ള സംസർഗ്ഗത്തിലും നമ്മൾ തമ്മിൽ തമ്മിലുള്ള സംസർഗ്ഗത്തിലും ജീവിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല നമ്മിലുള്ള പ്രത്യാശയുടെ കാരണം വ്യക്തമാക്കിക്കൊണ്ട് (cf 1 പത്രോസ് 3:15) വിശ്വസിക്കത്തക്ക സാക്ഷ്യം നമ്മുടെ സഹോദരീസഹോദരന്മാർക്കു നല്കാനും അത് അത്യാവശ്യമാണ്. യേശുവിന്റെ സുവിശേഷത്തിൽ അടിയുറപ്പിച്ച പുതിയൊരു മാനുഷികത വളർത്താൻ പക്വത പ്രാപിച്ച വിശ്വാസം ആവശ്യമാണ്. ആ വിശ്വാസം പുത്രസഹജമായ മനോഭാവത്തോടെ ദൈവത്തിനു സ്വയം സമർപ്പിക്കാൻ കഴിവുള്ളതാണ്. ദൈവവചനത്തെക്കുറിച്ചുള്ള പ്രാർത്ഥനയാലും ധ്യാനത്താലും വിശ്വാസസത്യക്കുറിച്ചുള്ള പഠനത്താലും പോഷിപ്പിക്കപ്പെട്ട ഒരു മനോഭാവമാണത്.

കൂടാതെ, അനേകം രാജ്യങ്ങളിലെ സഭാപരമായ പ്രവർത്തനങ്ങൾ വേനൽക്കാലാവധിക്കുശേഷം വീണ്ടും തുടങ്ങുന്നത് ഒക്ടോബർ മാസത്തിലാണ്. മനുഷ്യവംശത്തെക്കുറിച്ചുള്ള പിതാവിന്റെ പദ്ധതിയെപറ്റി ധ്യാനിക്കാൻ, അവിടുന്നു സഭയെ സ്നേഹിച്ചതുപോലെ സഭയെ സ്നേഹിക്കാൻ,





കൊന്തനമസ്ക്കാരം വഴി മറിയത്തിൽ നിന്നു പഠിക്കുന്നതിന്, സഭ നമ്മെ ക്ഷണിക്കുന്ന മാസവുമാണ്. മിഷൻ പ്രവർത്തനത്തിന്റെ അർത്ഥവും ഇതു തന്നെയല്ലേ?

യഥാർത്ഥത്തിൽ, തന്റെ പ്രിയപുത്രനിൽ സ്നേഹിക്കപ്പെട്ട പുത്രീ പുത്രന്മാരായിരിക്കാൻ പിതാവായ ദൈവം നമ്മെ ക്ഷണിക്കുന്നു. മനുഷ്യവംശത്തിനുള്ള രക്ഷയുടെ മഹാദാനമായ ആ പുത്രനിൽ നമ്മൾ എല്ലാവരും സഹോദരീസഹോദരന്മാരാണെന്നു തിരിച്ചറിയാനും അവിടുന്ന് നമ്മെ വിളിക്കുന്നു. മനുഷ്യവംശമാകട്ടെ അനൈക്യവും പാപവുംവഴി വിഭജിക്കപ്പെട്ടതാണ്. ആ പുത്രൻ ദൈവത്തിന്റെ യഥാർത്ഥമുഖം വെളിപ്പെടുത്തുന്നവനാണ്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച" (യോഹ 3:16) ദൈവത്തെയാണ് അവിടുന്നു വെളിപ്പെടുത്തുന്നത്.

ജറുസലേമിൽ പെസഹാക്കാല തീർത്ഥാടനത്തിനു വന്ന ചില ഗ്രീക്കുകാർ അപ്പസ്തോലനായ ഫിലിപ്പിനോട് ഒരഭ്യർത്ഥന നടത്തുന്നതായി യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു. "ഞങ്ങൾ അവനെ കാണാൻ ആഗ്രഹിക്കുന്നു"(യോഹ 12:21) എന്നതാണ് അഭ്യർത്ഥന. ഇത് നമ്മുടെ മനസ്സിലും ഈ ഒക്ടോബർ മാസത്തിൽ പ്രതിധ്വനിക്കുന്നുണ്ട്. "പ്രകൃത്യാ പ്രേഷിതയായിരിക്കുന്ന" (പ്രേഷിതപ്രവർത്തനം, നമ്പർ 2) മുഴുവൻ സഭയുടെയും കടമയാണ് സുവിശേഷപ്രഘോഷണത്തിനുള്ള സ്വയം സമർപ്പണവും സുവിശേഷപ്രഘോഷണവുമെന്നത് നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷസന്ദേശത്തിന്മേൽ പടുത്തുയർത്തിയ സമൂഹങ്ങൾ തമ്മിലുള്ള ആത്മാർത്ഥമായ ബന്ധങ്ങളിൽ ജീവിക്കുന്നതിന്റെ പുതുമയുടെ മുന്നോടികളാകാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. ഏകാന്തതയുടെയും നിസ്സംഗതയുടെയും വിവിധരൂപങ്ങൾ കൂടുതൽ കൂടുതൽ അസ്വസ്ഥതപ്പെടുത്തുന്ന വിവിധ വംശങ്ങളുള്ള സമൂഹമാണിന്നുള്ളത്. അത്തരമൊരു സമൂഹത്തിൽ പ്രത്യാശയുടെ അടയാളങ്ങൾ നല്കാനും സാർവത്രിക സഹോദരങ്ങളായിരിക്കാനും ക്രൈസ്തവർ പഠിക്കണം. ചരിത്രത്തെ രൂപാന്തരപ്പെടുത്തുന്ന, മഹത്തായ ആശയങ്ങൾ വളർത്തണം. മിഥ്യാധാരണകളും ഭയവും കൂടാതെ ഭൂഗോളത്തെ എല്ലാ ജനതകൾക്കുമുള്ള ഭവനമാക്കിത്തീർക്കാൻ പരിശ്രമിക്കണം.

രണ്ടായിരം വർഷം മുമ്പുണ്ടായിരുന്ന ഗ്രീക്കുതീർത്ഥാടകരെപ്പോലെ നമ്മുടെ കാലഘട്ടത്തിലെ ആളുകളും ക്രിസ്തുവിനെ പറ്റി "സംസാരിക്കാൻ" മാത്രമല്ല ക്രിസ്തുവിനെ "കാണിക്കാനും" നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ചിലപ്പോൾ അറിയാതെ തന്നെയായിരിക്കും അവർ ആവശ്യപ്പെടുന്നത്. പുതിയ സഹസ്രാബ്ദത്തിലുമുള്ള തലമുറകളുടെ മുമ്പിൽ ലോകത്തിന്റെ



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

എല്ലാ കോണുകളിലും പ്രത്യേകിച്ച് ഓരോ ഭൂഖണ്ഡത്തിലുമുള്ള യുവജനത്തിന്റെ മുമ്പിൽ രക്ഷകന്റെ മുഖം പ്രകാശിപ്പിച്ചു കാണിക്കാൻ അവർ ആവശ്യപ്പെടുന്നു. സുവിശേഷ പ്രഘോഷണം ലക്ഷ്യം വയ്ക്കുന്ന വിശേഷാനുകൂല്യമുള്ളവരാണല്ലോ യുവജനം. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ വചനം കൊണ്ടുവരുന്നത് അവിടുന്നു സത്യമായതുകൊണ്ടാണെന്നും തങ്ങളുടെ ജീവിതത്തിന് അർത്ഥവും സത്യവും അവിടന്നിൽ കണ്ടെത്തിയതുകൊണ്ടാണെന്നും അവർ മനസ്സിലാക്കണം.

ഈ ചിന്തകളെല്ലാം പ്രേഷിതപ്രവർത്തനത്തിനുള്ള കല്പനയോടു ബന്ധപ്പെട്ടിരിക്കുന്നു. ആ കല്പനയാകട്ടെ മുഴുവൻ സഭയും - ജ്ഞാനസ്നാനപ്പെട്ട എല്ലാവരും - സ്വീകരിച്ച കല്പനയാണ് - വ്യക്തിപരവും സമൂഹപരവും അജപാലനപരവുമായ ആഴത്തിലുള്ള മന:പരിവർത്തനം കൂടാതെ ആ കല്പന നിറവേറ്റാൻ സാധിക്കുകയില്ല.

എല്ലാ ജനതകളിലും ഓരോ സംസ്ക്കാരത്തിലും ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ സുവിശേഷപ്രഘോഷണം വളർത്തണം. അതിനായി ആന്തരിക നവീകരണവും സഭകൾക്കിടയിൽ പ്രേഷിതപ്രവർത്തനസംബന്ധമായ സഹകരണവും ഉണ്ടാകണം. ഇതിനു വ്യക്തികളെ മാത്രമല്ല സമൂഹങ്ങളെയും സുവിശേഷപ്രഘോഷണത്തിനുള്ള വിളി പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ ബോധം 'ഫീദെദോണും' വൈദികർ, സമർപ്പിതർ, മതപ്രബോധകർ അല്മായപ്രേഷിതർ എന്നിവർ നടത്തുന്ന സഭാപരമായ കൂട്ടായ്മയ്ക്കുവേണ്ടി നിരന്തര പരിശ്രമത്തിലൂടെ വളർത്തപ്പെടുന്നു. അങ്ങനെ "സംസ്ക്കാരവൈവിധ്യം" എന്ന പ്രതിഭാസത്തെപോലും ഒന്നിപ്പിക്കാൻ കഴിയും. ആ ഐക്യാവസ്ഥയിൽ സുവിശേഷം സ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടെയും പുളിമാവായിരിക്കും, സഹോദര്യത്തിന്റെയും വിനയത്തിന്റെയും സമാധാനത്തിന്റെയും ഉറവിടമായിരിക്കും (cf പ്രേഷിത പ്രവർത്തനം, നമ്പർ 8). "സഭ യഥാർത്ഥത്തിൽ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും യേജിപ്പിന്റെയും അടയാളവും ഉപകരണവുമാണ്" (തിരുസ്സഭ, നമ്പർ 1).

ദൈവപുത്രനായ യേശുക്രിസ്തുവുമായുള്ള കണ്ടുമുട്ടലിൽ നിന്നാണ് സഭാപരമായ കൂട്ടായ്മ ഉദ്ഭവിക്കുന്നത്. സഭയുടെ സുവിശേഷ പ്രഘോഷണം വഴി മനുഷ്യരിലേക്ക് അവിടന്ന് എത്തിച്ചേരുന്നു. തന്നോടു തന്നെയും അങ്ങനെ പിതാവിനോടും പരിശുദ്ധാത്മാവിനോടും സൗഹൃദം സ്ഥാപിക്കുകയും ചെയ്യുന്നു. (cf 1 യോഹ 1:3). മനുഷ്യനും ദൈവവും തമ്മിലുള്ള പുതിയൊരു ബന്ധം ക്രിസ്തു സ്ഥാപിക്കുന്നു. 'ദൈവം സ്നേഹമാകുന്നു' എന്ന് അവിടന്നു വെളിപ്പെടുത്തുന്നു (1 യോഹ 4:8). അതേ സമയം അവിടുന്ന് നമ്മെ ഇപ്രകാരം പഠിപ്പിക്കുകയും ചെയ്യുന്നു" മാനുഷിപൂർണതയുടെയും തത്ഫലമായി ലോകപരിവർത്തനത്തിന്റെയും അടിസ്ഥാനപരമായ നിയമം സ്നേഹത്തിന്റെ പുതിയ കല്പനയാണ്. സ്നേഹത്തിന്റെ വഴി എല്ലാവരുടെയും മുമ്പിൽ തുറന്നു കിടക്കുന്നുവെന്നും സാർവദേശീയ സാഹോദര്യം സൃഷ്ടിക്കാനുള്ള പരിശ്രമം വെറുതേയാവുകയില്ലെന്നും ദൈവസ്നേഹത്തിൽ വിശ്വസിക്കുന്നവർക്ക് അവിടന്ന് ഉറപ്പുനല്കുന്നു' (സഭ ആധുനികലോകത്തിൽ, നമ്പർ 38).



സഭ ദിവ്യകാരുണ്യത്തിന്റെ അടിസ്ഥാനത്തിൽ "കൂട്ടായ്മ" ആയിത്തീരുന്നു. അതിൽ ക്രിസ്തു അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്റെ സ്നേഹബലി വഴി, സഭയെ തന്റെ ശരീരമായി പടുത്തുയർത്തുന്നു. നമ്മെ ത്രിത്വാത്മക ദൈവത്തോടും പരസ്പരം ഐക്യപ്പെടുത്തിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത് (cf 1 കൊറി 10:16 ff). "സ്നേഹത്തിന്റെ കൂദാശ"യെന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ ഇപ്രകാരം എഴുതിയിട്ടുണ്ട്: "കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമ്മിൽതന്നെ ഒതുക്കി നിറുത്താനുള്ള ഒന്നല്ല. എല്ലാവരുമായി അതു പങ്കുവയ്ക്കപ്പെടണമെന്നു പ്രകൃത്യാ അത് ആവശ്യപ്പെടുന്നു. ലോകത്തിന് ആവശ്യമായിരിക്കുന്നതു ദൈവസ്നേഹമാണ്. ലോകം ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവിടുന്നിൽ വിശ്വസിക്കുകയും വേണം" (നമ്പർ 84). ഇക്കാരണത്താൽ ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിൽ മാത്രമല്ല അവളുടെ ദൗത്യത്തിന്റെയും ഉറവിടവും പരമകോടിയുമാണ്. "യഥാർത്ഥത്തിൽ ദിവ്യകാരുണ്യപരമായിരിക്കുന്ന സഭ പ്രേഷിതസഭയാണ്"(നമ്പർ 84). എല്ലാവരെയും ദൈവവുമായുള്ള കൂട്ടായ്മയിലേക്കുകൊണ്ടു വരാൻ അതു സഹായിക്കും. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്" എന്ന ബോധ്യത്തോടെ പ്രഘോഷിച്ചു കൊണ്ടു അങ്ങനെ ചെയ്യാൻ സഹായിക്കും.

പ്രിയപ്പെട്ടവരെ, പ്രേഷിതപ്രവർത്തനം നടത്തേണ്ട അളവറ്റ പ്രദേശങ്ങളിലേക്ക് ഹൃദയവീക്ഷണം വ്യപിക്കുന്ന ഈ ലോകമിഷൻ ഞായറാഴ്ചദിവസം നമുക്ക് സുവിശേഷം പ്രഘോഷിക്കാനുള്ള സഭയുടെ സമർപ്പണത്തിൽ മുന്നോടികളായിത്തീരാം. പ്രേഷിതത്വത്തിനുള്ള പ്രേരണ എന്നും സഭകളുടെ സജീവത്വത്തിന്റെ അടയാളമായിരുന്നു (cf രക്ഷകന്റെ മിഷൻ, നമ്പർ 2). രക്ഷാകരമായ ദിവ്യസ്നേഹത്തിന്റെ മുന്നോടികൾക്ക് വിശ്വാസ്യത നല്കുന്ന ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സാക്ഷ്യവും സഹകരണവും വഴി സഭകൾ അപ്രകാരമായിത്തീരുന്നു.

അതുകൊണ്ട്, യുവസഭകൾക്ക് വേണ്ടി പ്രാർത്ഥിക്കാനും സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും അവയ്ക്ക് സഹോദരപരമായ സ്നേഹത്തോടെ വസ്തുനിഷ്ഠമായ സഹായം ചെയ്യാനും എല്ലാവരോടുമുള്ള എന്റെ



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ക്ഷണം ഞാൻ പുതുക്കുകയാണ്. സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും ഈ പ്രവൃത്തി, അതിവിദൂര നാടുകളിലുമുള്ള വൈദികരുടെയും സെമിനാരിക്കാരുടെയും മതോപദേശകരുടെയും പരിശീലനത്തിനു സഹായകമാകും. യുവസഭാത്മക സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഈ സ്നേഹപ്രവൃത്തി പൊന്തിഫിക്കൽ മിഷണറി സൊസൈറ്റികൾ നിർവഹിച്ചുകൊണ്ടാണിരിക്കുന്നത്. അവയോടുള്ള എന്റെ നന്ദി ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

വെല്ലുവിളികൾ ഉണർത്തുന്ന അതിവിദൂരനാടുകളിൽ മിക്കപ്പോഴും ജീവൻകൊണ്ടുപോലും ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള സാക്ഷ്യം നല്കുന്ന മിഷണറിമാരോട് എനിക്കുള്ള പ്രത്യേകവാത്സല്യം ഇവിടെ, ഈ വാർഷിക സന്ദേശത്തിൽ ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു. സുവിശേഷപ്രഘോഷണത്തിന്റെ മുന്നണിപ്പടയാളികളായ അവർക്ക് ഓരോ വിശ്വാസിയും സൗഹൃദവും അടുപ്പവും പിന്തുണയും നല്കണം. സന്തോഷപൂർവം നല്കുന്നവരെ സ്നേഹിക്കുന്ന ദൈവം (cf 2 കോറി 9:7) അവർക്ക് ആധ്യാത്മിക തീക്ഷണതയും അഗാധമായ സന്തോഷവും നല്കുമാറാകട്ടെ.

നമ്മുടെ സഹോദരീസഹോദരന്മാരെ സ്നേഹിക്കാനുള്ള ദൈവിക ക്ഷണത്തിന് ഉദാരതയോടെ പ്രത്യുത്തരം നല്കുന്ന ഓരോ സഭാസമൂഹവും പുതിയൊരു അപ്പസ്തോലിക - സഭാത്മക മാതൃത്വം സൃഷ്ടിക്കും. കന്യകാമറിയം "അങ്ങനെയാകട്ടെ" എന്നു പറഞ്ഞ് സമ്മതം നല്കിയപ്പോൾ സംഭവിച്ചതുപോലെ തന്നെ (cf ഗലാ 4:4, 19,26). ആ മാതൃത്വം പുതിയ അപ്പസ്തോലന്മാർക്ക് വിശ്വാസവും ധൈര്യവും നല്കും. സമയത്തിന്റെ പൂർണതയിൽ സ്ത്രീയിൽ നിന്നു ജനിച്ച തന്റെ പുത്രനെ നല്കിയ (ഗലാ 4:4) ദൈവത്തിന്റെ സ്നേഹരഹസ്യത്തിൽ നാം വിസ്മയിക്കുകയും ചെയ്യും. അത്തരമൊരു പ്രത്യുത്തരം 'എല്ലാവരെയും പ്രത്യാശയിൽ സന്തോഷിക്കുന്നവരാക്കും' (റോമ 12:12). ദൈവിക പദ്ധതി തിരിച്ചറിയുമ്പോഴാണ് ആ പ്രത്യാശയും സന്തോഷവും ഉണ്ടാകുന്നത്. "മനുഷ്യവംശം മുഴുവനും ഒറ്റ ദൈവജനമാകണമെന്നും ക്രിസ്തുവിന്റെ ശരീരത്തിൽ ഒന്നിക്കണമെന്നും പരിശുദ്ധാത്മാവിന്റെ ഒറ്റ ആലയമായി പണിയപ്പെടണമെന്നും" (പ്രേഷിത പ്രവർത്തനം, നമ്പർ 7) ദൈവം ആഗ്രഹിക്കുന്നുവല്ലോ.

വത്തിക്കാനിൽ നിന്ന് 6, ഫെബ്രുവരി 2010,
ബെനഡിക്ട് 16-ാമൻ മാർപാപ്പ

NB : മിഷൻഞായറിലെ വി. കുർബാനമദ്ധ്യേ വചനപ്രഘോഷണത്തിൽ പരിശുദ്ധ പിതാവിന്റെ സന്ദേശത്തിലെ ആശയങ്ങൾക്കൂടി ഉൾപ്പെടുത്തേണ്ടതാണ്.

+ മാർ ജേക്കബ് മനത്തോടത്ത്





# ഇടയലേഖനം

Prot. No. 934/2010

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,**

മുപ്പത്തിഎട്ട് ലക്ഷം അംഗങ്ങളുള്ള സീറോ മലബാർ സഭയുടെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയാണ് ആഗസ്റ്റ് 22-ാം തീയതി വിജയപ്രദമായി സമാപിച്ചത്. സഭയുടെ 47 മെത്രാന്മാരും സഭയുടെ പ്രതിനിധികളായ 159 വൈദികരും 5 സന്ന്യാസ സഹോദരന്മാരും 73 സന്ന്യാസിനികളും 126 അല്മായ പുരുഷന്മാരും 48 വനിതകളും ഒന്നിച്ചുകൂടിയ മൂന്നുദിവസത്തെ സഭാസമ്മേളനത്തിൽ വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും എന്ന വിഷയമാണ് ചർച്ച ചെയ്തത്. അഞ്ച് വർഷത്തിലൊരിക്കൽ കൂടുന്ന ഈ കാനോനിക സമ്മേളനം സഭയുടെ ഊർജ്ജസ്വലമായ ഐക്യത്തിന്റെയും പ്രാർത്ഥനാപരമായ കൂട്ടായ്മയുടെയും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിലുള്ള പരിചിന്തനത്തിന്റെയും വലിയൊരനുഭവമായിരുന്നു. സമ്മേളനം സിനഡിനു സമർപ്പിച്ച നിർദ്ദേശങ്ങൾ തുടർന്നു നടന്ന സിനഡ് പരിഗണിക്കുകയും അതു നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിനായി 15 അംഗ കമ്മറ്റിയെ ചുമതലപ്പെടുത്തി, പ്രസ്തുത കമ്മറ്റിയോട് അസംബ്ലിയുടെ നിർദ്ദേശങ്ങൾ കർമ്മപഥത്തിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ സിനഡ് ആവശ്യപ്പെട്ടിട്ടുണ്ട്. അസംബ്ലിയ്ക്കുശേഷം അത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ ഒരു രേഖ പ്രസിദ്ധീകരിക്കുന്നുണ്ട്. അത് നടപ്പിലാക്കാൻ വേണ്ട നയപരമായ നടപടികൾ നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സ്വീകരിക്കണം. നമ്മുടെ സമീപനങ്ങളോടു യോജിക്കുന്ന നല്ല മനസ്സുള്ള ആളുകളും സംഘങ്ങളുമായി ഒന്നിച്ചു പ്രവർത്തിക്കുവാൻ നാം ശ്രദ്ധിക്കണം.

അസംബ്ലിയുടെ ആഭിമുഖ്യങ്ങളും നിർദ്ദേശങ്ങളും സഭയിലെ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

എല്ലാവരുമാണ് സ്വീകരിച്ച് പ്രാവർത്തികമാക്കേണ്ടത്. മെത്രാന്മാർ മാത്രം വിചാരിച്ചാൽ ഇതൊക്കെ സമൂഹത്തിൽ നടപ്പിൽവരും എന്നു വരുന്നില്ല. നാം ഓരോരുത്തരും, സ്വന്തം വ്യക്തി ജീവിതത്തിലും കുടുംബത്തിലും ഇടവക-സ്ഥാപനതലങ്ങളിലും ഇത് നടപ്പിൽ വരുത്താൻ ശ്രദ്ധിക്കണം. അതിന് ഓരോരുത്തരും നല്ല മനസ്സ് കാണിക്കണമെന്ന് അഭ്യർത്ഥിക്കാനും അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ പൊതുസ്വഭാവം വ്യക്തമാക്കാനുമാണ് സഭയ്ക്കു മുഴുവനുമായി ഞാൻ ഈ ഇടയലേഖനം പുറപ്പെടുവിക്കുന്നത്.

അസംബ്ലിയുടെ നിർദ്ദേശങ്ങൾ പ്രധാനമായും മൂന്നു വിഭാഗങ്ങളിൽ പെടുത്താം. 1) ജീവനിലുള്ള വിശ്വാസവും പ്രായോഗികജീവിതവും 2) മരണസംസ്കാരത്തിന്റെ കടന്നുകയറ്റവും അതിനുള്ള പരിഹാരങ്ങളും 3) പാരിസ്ഥിതിക പ്രശ്നങ്ങളും അവയോടുള്ള പ്രതികരണവും.

**1) വിശ്വാസവും പ്രായോഗിക ജീവിതവും**

"കർത്താവേ, കർത്താവേ, എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ. 7:21). ജീവിതത്തിന്റെ ഉരകല്ലിലാണ് വിശ്വാസത്തിന്റെ മാറ്ററിയുന്നത്. പുറംലോകം നമ്മെക്കുറിച്ച്, പിതാക്കന്മാരേയും വൈദികരേയും സന്ന്യസ്തരേയും അല്മായരേയും ചിലപ്പോൾ വിമർശിക്കുന്നത്, നാം വിശ്വസിക്കുന്നില്ല എന്നതിന്റെ പേരിലെന്നതിനെക്കാൾ വിശ്വസിക്കുന്നതനുസരിച്ച് ജീവിക്കുന്നില്ല എന്നതിന്റെ പേരിലാണ്. യേശു നമുക്കു നൽകിയതു ജീവന്റെ സുവിശേഷമാണ്. "ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും" വന്ന യേശു (യോഹ: 10:10)വിന്റെ വഴി നശ്വരമായ ലോകത്തിന്റേയോ അപ്പത്തിന്റേയോ മാത്രമല്ല. പഴയനിയമത്തിൽ വിശ്വാസത്തിന്റെ മാനദണ്ഡം 10 കല്പനകളുടെ പാലനമായിരുന്നു. പ്രമാണങ്ങൾ നൽകിക്കൊണ്ട് ദൈവം പറഞ്ഞു: "ജീവനും മരണവും, അനുഗ്രഹവും ശാപവും ഞാൻ നിന്റെ മുൻപിൽ വച്ചിരിക്കുന്നു" (നിയമാവർത്തനം 30:19). ജീവന്റെ കൽപനകൾ ദൈവത്തെ ആരാധിക്കാനും ജീവലോകത്തെ കാത്തുസൂക്ഷിക്കാനും ആവശ്യപ്പെടുന്നു.

ആരാധനയുടെയും പ്രാർത്ഥനയുടെയും ദൈവികജീവിതം ധർമ്മാചരണത്തിന്റെയാണ്. സൃഷ്ടിയെ ആദരിക്കാതെ ദൈവത്തെ ആരാധിക്കാനാവില്ല. മനുഷ്യാവകാശങ്ങൾ അംഗീകരിക്കാത്ത ദൈവവിശ്വാസം ആത്മവഞ്ചനയാകും. പത്തുപ്രമാണങ്ങൾ മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനങ്ങളാണ്. ഈ പ്രമാണങ്ങൾ പാലിക്കാതെ ജീവന്റെ ദൈവമാർഗത്തിൽ ചരിക്കാനാവില്ല. ക്രിസ്തുവിന്റെ





സ്നേഹമാർഗം അപരന്റെ അവകാശങ്ങൾ കാക്കുന്നതു മാത്രമല്ല, അപരനുവേണ്ടി സ്വതന്ത്രമായി സ്വന്തം അവകാശങ്ങൾ നിഹനിക്കുന്നതുമാണ്. ക്രൈസ്തവസ്നേഹം ദൈവം ദാനമായി നല്കിയ താലന്തുകൾ വർദ്ധിപ്പിച്ചു മറ്റുള്ളവർക്കു പങ്കുവയ്ക്കുന്ന ബലിജീവിതമാണ്. ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് യേശു പഠിപ്പിച്ചു.

പക്ഷേ, സ്നേഹം പലപ്പോഴം പ്രാവർത്തികമാകാതെ ചത്തതായി കഴിയുന്നു. ഓരോരുത്തരും സ്വന്തം കാര്യലാഭത്തിനായി മാത്രം ജീവിക്കുന്ന പ്രവണത വർദ്ധിക്കുന്നു. പ്രാർത്ഥനയും ആരാധനയും അനുഷ്ഠാനങ്ങളുമുണ്ട്. എന്നാൽ ദൈവസ്നേഹം പരസ്നേഹമായി മാറുന്നുണ്ടോ? അനീതിയും ജീവനിഷേധവും നിറഞ്ഞ സാമൂഹിക സാമ്പത്തിക മണ്ഡലത്തെ സ്പർശിച്ച് ക്രൈസ്തവസ്നേഹം അതിനെമാറ്റുന്നുണ്ടോ? ചിലരുടെയെങ്കിലും വിശ്വാസം അന്ധവിശ്വാസപരവും അനുഷ്ഠാനമാത്രവുമാണ്. വിശ്വാസജീവിതം അനുദിനം കുടുംബത്തിലുള്ളവരെയും ബന്ധപ്പെടുന്ന മറ്റു മനുഷ്യരെയും സ്നേഹത്തിന്റെ സന്തോഷമനുഭവിപ്പിക്കുവാൻ പര്യാപ്തമാകണം.

**2) മരണസംസ്കാരത്തിന്റെ കടന്നുകയറ്റം**

ജീവനെ പോഷിപ്പിക്കുന്ന മഹത്വത്തിന്റെ ഒരു സംസ്കാരമല്ല നമുക്കു ചുറ്റും. ജീവനെഅവമതിക്കുന്ന പ്രായോഗിക ഭൗതികവാദത്തിന്റെ കാഴ്ചപ്പാടുകളും നടപടികളും നാം ധാരാളം കണ്ടുമുട്ടുന്നു. "കായേൻ, കായേൻ നിന്റെ സഹോദരനെവിടെ?" (ഉല്പത്തി 4:9) എന്ന ചോദ്യം മുഴങ്ങുന്ന ഒരു സാമൂഹിക പരിതസ്ഥിതിയിലാണ് നാം. ഭീകരരുടെ ബോംബുസ്ഫോടനങ്ങൾ, വിപ്ലവകാരികളുടെ നടുക്കുന്ന കൊലപാതകങ്ങൾ, മതത്തിന്റെ പേരു പറഞ്ഞ് അക്രമത്തിനിറങ്ങുന്നവർ, വാടക ഗുണ്ടകളും കൊലയാളിസംഘങ്ങളും, പണത്തിനുവേണ്ടി കൊലപാതകം നടത്തുന്നവർ ഇങ്ങനെജീവഹത്യയുടെ രൂപങ്ങൾ വിവിധങ്ങളാണ്.

ജീവൻ ദാനമായി സ്വീകരിച്ചവരാണ് നാം. അതു ദാനമായി നല്കാൻ മനസ്സില്ലെന്നു ചിലർ ശഠിക്കുന്നു. ജീവന്റെ സൃഷ്ടാക്കളാകേണ്ടവർ സൃഷ്ടിയുടെ ഉത്തരവാദിത്വമേൽക്കാതെ വ്യാപരിക്കുന്നു. നാം ജനിക്കുന്ന അമ്മമാരുടെ വിശുദ്ധമായ ഗർഭപാത്രങ്ങൾ കൊലയുടെ വേദികളാകുന്നു. ജനിപ്പിക്കുന്നതു ഭാരമായി കാണുന്നവർ വർദ്ധിക്കുന്നു.

വിശ്വസ്തസ്നേഹത്തിന്റെയും സൃഷ്ടിയുടെയും ദൈവിക ദാനമായ ലൈംഗികത സ്വാർത്ഥപരമായ സുഖതൃഷ്ണയായി മാറ്റപ്പെടുന്നു. പെൺവാണിഭങ്ങളും സ്ത്രീ പീഡനങ്ങളും വർദ്ധിക്കുന്നു. ലൈംഗികത നിരന്തരമെന്നോണം കച്ചവടവിഷയമാക്കപ്പെടുന്നു. ഈ കമ്പോള വീക്ഷണങ്ങൾ കുടുംബങ്ങളിലേക്കും വിശുദ്ധവേദികളി



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ലേക്കും കടന്നുകയറുന്നുണ്ട്. അത് മനുഷ്യരെപ്പോലും ഉപയോഗിച്ചു തള്ളുന്ന പ്രവണതയാക്കി മാറ്റുന്നു. ലൈംഗീകതയെ സന്താനോത്പാദനത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നു വേർപെടുത്തിക്കഴിഞ്ഞു. സന്താനോത്പാദനത്തിന്റെയും വിശ്വസ്തതയുടെയും മാനങ്ങൾ മാറ്റിയാൽ സ്ത്രീ-പുരുഷബന്ധവും കുടുംബം എന്ന സ്ഥാപനവും തകരുമെന്ന് നാം കാണണം.

കുഞ്ഞുങ്ങളാണ് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സമ്പത്തും ഭാവിയും. പക്ഷേ, കുഞ്ഞുങ്ങളെ ശല്യങ്ങളും സ്വാതന്ത്ര്യത്തിനു വിഘ്നവുമായി ധാരാളം പേർ കാണുന്നു. സമ്പത്തും വിദ്യാഭ്യാസവുമുള്ളവരുടെ ഇടയിൽ കുട്ടികൾ കുറയുന്നു. സമ്പന്നരുടെ വലിയവീടുകൾ ശൂന്യമാകുന്നത് എന്തുകൊണ്ട്? കുട്ടികളെ ജനിപ്പിക്കാൻ ആരോഗ്യമോ കുട്ടികളെ വളർത്താൻ സാമ്പത്തിക സൗകര്യമോ ഇല്ലാത്തതുകൊണ്ടാണോ? പല സമ്പന്ന രാജ്യങ്ങളിലും മരിക്കുന്നിടത്തോളംപേർ പോലും ജനിക്കുന്നില്ല. ജനസംഖ്യാബോംബിന്റെ കള്ളക്കഥകൾ നാം വിശ്വസിച്ചു. ഇന്നു ലോകത്തിലുള്ളതിൽ അധികം പേരെ പോറ്റാൻ നമുക്കു കഴിയും. നമ്മുടെ സംസ്കാരം കൂട്ട ആത്മഹത്യയുടെ പാതയിലാണ്. ഒരു നാടിന്റെ സാമ്പത്തികമായ വളർച്ചയുടെ പോലും വക്താക്കൾ മക്കളാണ്. ജനിച്ചുജീവിക്കുന്നവരുടെ സംഘാതമായ സ്വാർത്ഥത ജനിക്കാനുള്ളവരെ വെട്ടിവീഴ്ത്തുന്നു. ഭാവിയുടെ കവാടങ്ങൾ കൊട്ടിയടയ്ക്കുന്നു സ്വാർത്ഥരായി നാം മാറുന്നു. ഉത്തരവാദിത്വബോധമില്ലാതെ പ്രജനനപ്രക്രിയ നടത്തണമെന്നല്ല സഭ പഠിപ്പിക്കുന്നത്.

"പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എന്റെ സഹോദരനോട് കൽപിക്കണമേ" (ലൂക്കാ 12:13) എന്ന അപേക്ഷയുമായി വന്നവനോട് ഭോഷനായ ധനികന്റെ ഉപമ യേശു പഠിപ്പിച്ചു. ഈ ഭൂമിയും അതിലെ സകല വിഭവങ്ങളും ദൈവം നമുക്കു നൽകിയിട്ടുള്ള പിതൃസ്വത്താണ്. അതു പങ്കുവയ്ക്കാനും തലമുറകൾ ക്കായി കാത്തുസൂക്ഷിക്കാനുമുള്ളതാണ്. അതു വേലി കെട്ടി സ്വകാര്യസ്വത്താക്കി ചുറ്റുമുള്ളവരെ മറന്നു തിന്നു കുടിച്ച് ആഘോഷിക്കാനുള്ളതല്ല. അതുകൊണ്ടാണ് അറപ്പുര പൊളിച്ച് എല്ലാം സംഭരിച്ച് ആഘോഷിച്ചവനെ"വിഡ്ഢി" എന്നു ദൈവം വിളിച്ചു. ഇത്തരം വിഡ്ഢിത്തത്തിന്റെ കമ്പോളശൈലികൾ സഭയുടെ എല്ലാ തലങ്ങളെയും സ്വാധീനിക്കുന്നു എന്നു സംശയിച്ചുപോകുന്നു. സുഖലോലുപതയുടെ സ്വാർത്ഥത നാം എല്ലായിടത്തും കാണുന്നു. "നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്, അവജ്ഞയാണ്, നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല" എന്നു ദൈവമായ കർത്താവ് ആമോസിലൂടെ വെളി





പ്പെടുത്തി (5:21). നമ്മുടെ പെരുന്നാളുകളും വിവാഹാഘോഷങ്ങളും ആദ്യകുർബാനസ്വീകരണങ്ങളും പട്ടങ്ങളും ജൂബിലികളും വിഡ്ഢികളുടെ ആഘോഷങ്ങളാകാതിരിക്കാൻ ജാഗ്രത പുലർത്തണം. "കിഴക്കുനിന്നും പടിഞ്ഞാറു നിന്നും വടക്കുനിന്നും തെക്കുനിന്നും ജനങ്ങൾ വന്നു ദൈവരാജ്യത്തിൽ വിരുന്നിനിരിക്കുന്ന" (ലൂക്കാ 13:29) പങ്കുവയ്ക്കലിന്റെ തിരുനാളുകൾ, ജീവിതം കൊണ്ടാഘോഷിക്കാൻ നാം പഠിക്കണം. വികസനത്തിൽ നിന്നു പുറത്താക്കപ്പെടുന്നവരുടെ അവകാശങ്ങൾക്കുവേണ്ടി നാം നിലകൊള്ളണം. നമുക്കു ചുറ്റുമുള്ളവർക്കു മാത്രമല്ല നമുക്കുശേഷം വരാനിരിക്കുന്നവർക്കു കൂടി പിതൃസ്വത്ത് നാം കാത്തുസൂക്ഷിക്കണം. നമുക്കു ലഭിച്ച താലന്തുകൾ വർദ്ധിപ്പിച്ച് അതുകൊണ്ട് ചുറ്റിലും ഭാവിയിലുമുള്ളവർക്ക് സമൃദ്ധമായ ജീവന്റെ അവകാശങ്ങൾ നല്കുന്നവരാകാൻ നമുക്കു കഴിയണം.

**3) പാരിസ്ഥിതിക പ്രശ്നങ്ങൾ**

ഭാവിയിലുള്ള ശ്രദ്ധയുടെ ധാർമ്മികബോധം ഉണർത്തുന്നതാണ് പാരിസ്ഥിതിക പ്രശ്ങ്ങൾ. ഈ പ്രപഞ്ചം നമ്മുടെ ഭവനമാണ്. ഈ വീടിന്റെ അന്തരീക്ഷം, വായു, വെള്ളം, താപനില, അതിന്റെ ശുദ്ധി എന്നിവ അ തിൽ വസിക്കുന്നവരുടെ നിലനില്പിന്റെ പ്രശ്നമാണ്. ഇന്നു ജീവിക്കുന്നവർ നാളെയെക്കുറിച്ച് ചിന്തയില്ലാ തെ ഈ പ്രപഞ്ചഗൃഹത്തെ ദുരുപയോഗിക്കരുത്. എന്റെ ശരീരം ഞാൻ കാത്തുസൂക്ഷിക്കുന്ന ശ്രദ്ധ തന്നെ എന്റെ ഈ ഭൂമിയും കാത്തുസൂക്ഷിക്കുന്നതിൽ കാണിക്കണം. നമുക്കുശേഷമുള്ളവർക്കും ഇത് വാസയോഗ്യമായിരിക്കണം. എന്നാൽ നമ്മുടെ വായുവും വെള്ളവും മണ്ണും മലിനമായിക്കൊണ്ടിരിക്കുന്നു. ഈ ഭൂമിയിൽനിന്നു തത്ഫലമായി ജീവികൾക്ക് എന്നെന്നേക്കുമായി വംശനാശം വരുന്നു. കൃമികീടങ്ങൾക്കും പക്ഷിമൃഗാദികൾക്കും അന്യമാകുന്നിടം മനുഷ്യന് പാർക്കാനാവാത്തതായി മാറും.

ശാസ്ത്ര-സാങ്കേതികവിദ്യകൾ നമുക്ക് അനുഗ്രഹവും ശാപവുമാകും. വിഷലിപ്തവും അപകടകരവുമായ വസ്തുക്കൾ, രാസപദാർത്ഥങ്ങൾ, രാസമാലിന്യങ്ങൾ എന്നിവ ഈ ഭൂമിയെയും അതിന്റെ അന്തരീക്ഷത്തെയും മലിനവും അപകടപ്പെടുത്തുന്നതുമാകുന്നു. പുഴകൾ മരിക്കുമ്പോൾ, വായു രോഗാതുരമാകുമ്പോൾ, മണ്ണ് വിഷം നിറഞ്ഞതാകുമ്പോൾ അതു മനുഷ്യന്റെ വാസത്തെ അപകടപ്പെടുത്തും. എന്റെ ശ്വാസകോശത്തിന്റെ ആരോഗ്യം ശ്വാസത്തിന്റെ ആരോഗ്യത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ആരോഗ്യകരമായ ഒരു ഭൂമിയിൽ മാത്രമേ മനുഷ്യന് ആരോഗ്യവും ആയുസ്സും ഉണ്ടാകുകയുള്ളൂ. ഇന്നത്തെ സുഖത്തിനുവേണ്ടി ഭൂമിയേയും വായുവിനേയും ജലസ്രോതസ്സുകളെയും



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

കുത്തിക്കവരുന്നത് ഇന്നത്തെ ലഹരിക്കുവേണ്ടി മദ്യവും മയക്കുമരുന്നും സ്വന്തം ശരീരത്തിലേക്ക് ഉപയോഗിക്കുന്നതുപോലെ ആത്മഹത്യാപരമാണ്.

വിത്തു കുത്തിത്തിന്നുന്ന ആർത്തിയുടെ സംസ്കാരം നാം ചുറ്റും കാണുന്നു. ഇവിടെ എല്ലാവരുടെയും ആവശ്യങ്ങൾക്ക് വിഭവങ്ങളുണ്ട്, ആരുടേയും ആർത്തിക്ക് ഈ പ്രപഞ്ചം തന്നെ തികയില്ലല്ലോ. കാർഷിക പാരമ്പര്യമുള്ള നാം പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിക്കണം. ഉച്ഛിഷ്ടങ്ങളുടെ കൂമ്പാരം സൃഷ്ടിക്കുന്ന ധൂർത്തിന്റെ ശൈലികൾ വെടിഞ്ഞ് ലളിതജീവിതം നയിക്കാൻ നാം പരിശ്രമിക്കണം.

ഇടവക എന്ന ക്രൈസ്തവ സമൂഹത്തെ "പരദേശികളും വിപ്രവാസികളു"മെന്ന വിധത്തിലാണ് പത്രോസ് അപ്പസ്തോലൻ വിവക്ഷിക്കുന്നത് (1 പത്രോസ് 2:11). നാം ഈ ഭൂമിയിൽ സ്ഥിരതാമസക്കാരല്ല, ഈ ഭൂമിയു ടെ ഉടമസ്ഥരുമല്ല. നാം ഈ ഭൂമിയിലൂടെ കടന്നുപോകുന്നവരാണ് - തീർത്ഥാടകരാണ്. മുൻതലമുറകൾ തീർത്ഥാടനം നടത്തി നമുക്കായി കരുതി നല്കിയ ഈ ഭൂമി നമുക്കുശേഷം വരാനിരിക്കുന്നവർക്കും കരുതലോടെ നൽകത്തക്കവിധം കടന്നുപോകുന്നവരാകാൻ നമുക്ക് ശ്രദ്ധിക്കാം. ലേവായരുടെ പുസ്തകത്തിൽ കർത്താവ് അരുളിച്ചെയ്യുന്നു:

"നിങ്ങൾ ഭൂമി എന്നേക്കുമായി വിൽക്കരുത്, എന്തെന്നാൽ ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്" (25:23). നാം സ്വർഗത്തെ ലക്ഷ്യമാക്കി ഈ ഭൂമിയിൽ പുറപ്പാടുയാത്ര നയിക്കുന്നവരാണ്.

ജീവന്റെ സുവിശേഷത്തിന്റെ വഴിയിലൂടെ സ്വർഗ്ഗോന്മുഖരായി ജീവിക്കാൻ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2010-ാം ആണ്ട് സെപ്റ്റംബർ മാസം 20 -ാം തിയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

N.B : ഈ ഇടയലേഖനം ഒക്ടോബർ 10 -ാം തിയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. **+ മാർ ജേക്കബ് മനത്തോടത്ത്**





# Bishops' Engagements

**October 2010**

| | | |
|---|---|---|
| 1 | PM | Yuvakshetra |
| 2 | | Catechism Teachers' Convention |
| 3 | | Youth Parliament, Yuvakshetra |
| 6 | PM | Pre- Cana (Yuvakshetra) |
| 7 | | Sehion Retreat Centre, Thavalam |
| 10 | | Walayar St Antony's Church |
| 14 | AM | Yuvakshetra |
| | | Vimal Rani Provincial House, Mundur |
| 21 | | Meeting of Consultors & Presbyteral Council |
| 23 | | M.S.F.S. House, Panthalampadam |
| 24 | | Karakurussi Church |
| 25-26 | | Mangalapuzha Seminary |
| 27 | | Trustees' Council Meeting, Paalana Hospital |
| 30 | AM | Jai Christo Provincial House |
| 31 | | Nithya Sahaya Matha Church, Mankavu |



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Office

**ആദരാഞ്ജലികൾ**

ഫാ. ജേക്കബ് പനയ്ക്കൽ, ഒക്ടോബർ 28.

**നിത്യാരാധന കപ്പേള**

സകല മരിച്ചവരുടെയും ഓർമ്മ ദിവസമായ നംവബർ 2ന് വി. കുർബാനയും ആരാധനയും പാലക്കാട് നിത്യാരാധന കപ്പേളയിൽ ഉണ്ടായിരിക്കുന്നതല്ല.

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ **ഒക്ടോബർ-നവംബർ** മാസങ്ങളിലെ ധ്യാനം അതത് ഫൊറോനകളിൽവച്ച് നടത്തപ്പെടുന്നതാണ്. നവംബർ 24, 25 തിയ്യതികളിൽ ത്രൈമാസ സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

**മിഷൻ ഞായർ**

ഒക്ടോബർ 24-ാം തീയതിയാണ് ഈ വർഷം മിഷൻ ഞായറായി ആഘോഷിക്കുന്നത്. അന്നേദിവസം ലോകം മുഴുവനുമുള്ള സുവിശേഷ പ്രവർത്തനങ്ങളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാം. അന്നേദിവസത്തെ സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുക. സംഭാവനകൾ സ്വീകരിച്ച് രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായർ കലണ്ടറും സംഭാവന കവറുകളും ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**ജപമാല മാസം**

ഒക്ടോബർ ജപമാല ഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിതമായ മാസമാണല്ലോ. ജപമാല മറിയത്തോടുള്ള പ്രാർത്ഥനയാണെങ്കിലും ക്രിസ്തു കേന്ദ്രീകൃത പ്രാർത്ഥനയാണ്. ജപമാല സമാധാനത്തിനും കുടുംബത്തിനും ഉള്ള പ്രാർത്ഥനയാണ്. മറിയത്തോടൊപ്പം ക്രിസ്തുവിനെ ധ്യാനിക്കുകയാണ് ജപമാലയിൽ ചെയ്യുന്നത്. ജപമാല വഴി മറിയത്തോടൊപ്പം നാം ക്രിസ്തുവിന് അനുരൂപരാകുന്നു. ജപമാലയിൽ മറിയത്തോടൊപ്പം ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നു. ജപമാല സുവിശേഷത്തിന്റെ





സംക്ഷിപ്ത രൂപമാണ്. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസം ജപമാല ആഘോഷമായി ചൊല്ലുന്ന പതിവുണ്ട്. ഈ പതിവ് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടതാണ്.

**രൂപതാ ഡയറക്ടറി**

2010-11 വർഷത്തെ രൂപതാ ഡയറക്ടറി ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭ്യമാണ് വില. 70.00/-

**ശ്രദ്ധിക്കാൻ**

വൈദികക്ഷേമനിധി അപേക്ഷാഫോറം, മരണപത്രം, ഡാറ്റാ ഇൻഫർമേഷൻ എന്നിവ ഏല്പ്പിച്ചിട്ടില്ലാത്ത ബഹു. വൈദികർ അവ ഒക്ടോബർ 31ന് മുമ്പ് രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## Appointment of Priests

1. Fr. Sebasrian Irimpen, Vicar, Our Lady of Mount Carmel Church, Nelliyampathi, Chaplain, St. Mary's Convent, Nelliyampathi w.e.f. 1.11.2010
2. Fr. John Arackal, Chaplain, Seraphic Convent & St. Francis Convent Polpully w.e.f. 1.11.2010
3. Fr. Benny Maramattam, Vicar-in-charge, St. Joseph's Church Ponkandam. w.e.f. 14.10.2010
4. Fr. Joshy Pulikottil, Asst. Procurator, Eparchy of Palghat w.e.f. 01.10.2010 (additional)
5. Fr. Shiju Avannur OSH, Pro-Vicar, St. Antony's Church, Pombra w.e.f. 04.10.2010.
6. Fr. Binu Ponkattil, Vicar St. Joseph's Church, Alanallur w.e.f. 04.10.2010 (additional)
7. Fr. Biju Muringakudiyil, Asst. Vicar, St. Thomas Church, Kanjirapuzha w.e.f. 04.10.2010



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Nov-10 | MON | Rev. Fr. Ettumanookaran Martin |
| 03-Nov-10 | WED | Rev. Fr. Kaitharath Antony |
| 04-Nov-10 | THU | Rev.Fr. Kalamattathil Arun |
| 05-Nov-10 | FRI | Rev. Fr. Kalampadan Martin |
| 06-Nov-10 | SAT | Rev. Fr. Kallingal Joseph |
| 08-Nov-10 | MON | V. Rev. Fr. Kalluvelil Jose |
| 09-Nov-10 | TUE | Rev. Fr. Kanjirathinkal Renny |
| 10-Nov-10 | WED | Rev. Fr. Kannampuzha C. Jose |
| 11-Nov-10 | THU | Rev. Fr. Karikkattil Ceejo |
| 12-Nov-10 | FRI | Rev.Fr. Keettikkal Anto |
| 13-Nov-10 | SAT | Rev. Fr. Kizhakkedath Roy |
| 15-Nov-10 | MON | Rev. Fr. Kizhakkedath Thom |
| 16-Nov-10 | TUE | Rev. Fr. Kochuparambil Jose |
| 17-Nov-10 | WED | V. Rev. Fr. Kochupurackal Peter |
| 18-Nov-10 | THU | Rev. Fr. Kodakasseril Jomis |
| 19-Nov-10 | FRI | Rev. Fr. Kolamkanny Justin |
| 20-Nov-10 | SAT | Rev.Fr. Kozhipadan Tony |
| 22-Nov-10 | MON | Rev. Fr. Kunnathettu Joby |
| 23-Nov-10 | TUE | V. Rev. Fr. Kuruthukulngara Peter |
| 24-Nov-10 | WED | Rev. Fr. Kuttipuzhakaran Sanil |
| 25-Nov-10 | THU | Rev. Fr. Malekudiyil Sherjo |
| 26-Nov-10 | FRI | V. Rev. Fr. Mangalan Sebastian |
| 27-Nov-10 | SAT | Rev. Fr. Maramattom Xavier |
| 29-Nov-10 | MON | Rev. Fr. Mavunkal Jacob |
| 30-Nov-10 | TUE | Rev. Fr. Mechery Anson |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





# വിശ്വാസ പരിശീലനം

**മതാദ്ധ്യാപകദിനം ഒക്ടോബർ 2**

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 2-ാം തിയ്യതി ശനിയാഴ്ചയാണ് ആഘോഷിക്കുന്നത്. പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്ന മതാദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും ഒക്ടോബർ 1-ാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം 5.30ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.

മതാദ്ധ്യാപകദിനത്തിൽ മതബോധനരംഗത്ത് 15, 25, 35 വർഷങ്ങളായി സേവനം ചെയ്ത മതാദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സരവിജയികൾക്കും, 2009-10 സ്ക്കോളാസ്റ്റിക് ടെസ്റ്റ് വിജയികൾക്കും സമ്മാനങ്ങൾ നല്കി അനുമോദിക്കുന്നു.

NB : മതാദ്ധ്യാപക ദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപരും അവരുടെ സർവ്വീസ് കാർഡുകളിൽ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി സർവ്വീസ് കാർഡുകൾ ധരിച്ചുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**25 വർഷ അവാർഡ്**

1. സണ്ണി. പി. എ - രാജഗിരി
2. ജോർജ്ജ്. കെ. പി - കരിമ്പ
3. എൽസി തോമസ് - ഇരുമ്പകച്ചോല
4. ബെന്നി. കെ. ജെയിംസ് - വചനഗിരി
5. എം. ജെ. ജോസ് - മെഴുകുംപാറ

**15 വർഷ അവാർഡ്**

1. ജെയ്മോൻ. പി. എം - ചിറ്റിലഞ്ചേരി
2. ബെന്നിച്ചൻ. പി. ആർ - ഒറ്റപ്പാലം
3. റോസമ്മ സെബാസ്റ്റ്യൻ - കരിങ്കയം
4. റോസി ഔസേപ്പ് - കത്തീഡ്രൽ
5. സാലി ഫ്രാൻസിസ് - തിരുവിഴാംകുന്ന്
6. സ്കറിയ ഫ്രാൻസിസ് - തിരുവിഴാംകുന്ന്
7. മേരിക്കുട്ടി ജോസ് - തിരുവിഴാംകുന്ന്
8. എൽസി കുര്യാക്കോസ് - എളവംപാടം
9. ബോബി ജോൺ - കാരാപാടം
10. മറിയാമ്മ ജോണി - കടമ്പഴിപ്പുറം



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

11. ഗ്രേസി തോമസ് - മാങ്കുറുശ്ശി
12. നയോമി തങ്കച്ചൻ - ഇരുമ്പകച്ചോല
13. സജി തോമസ് - മെഴുകുംപാറ
14. ലിസമ്മ മടിക്യാങ്കൽ - മെഴുകുംപാറ
15. ത്രേസ്യാമ്മ ബേബി - മൈലംപ്പുള്ളി
16. ജോർജ്ജ് .കെ. ജി - കണ്ടമംഗലം
17. മാർട്ടിൻ ജോസഫ് - അഗളി
18. തോമസ്. കെ. ജെ - തിരുവിഴാംകുന്ന്
19. റീത്താ ജോസ് - ഇരുമ്പകച്ചോല
20. ഈപ്പൻ വർഗീസ് - കഞ്ചിക്കോട്
21. ജോയ് അറയ്ക്കൽ - പനംകുറ്റി
22. ജോയ് തോമസ് - പൊൻകണ്ടം
23. സെബാസ്റ്റ്യൻ. പി.ജെ - മണ്ണാർക്കാട്
24. റോയ് ജോസഫ് - പൊൻകണ്ടം
25. വൽസമ്മ തോമസ് - ചുള്ളിയാംകുളം

**മതാദ്ധ്യാപകരുടെ സാഹിത്യമത്സരവിജയികൾ**

**ഉപന്യാസം**

I[st] ഇസബെല്ല ലാസർ - ആലത്തൂർ
II[nd] ബിബിൻ.സി.ജോസ് - ഓടംതോട്
III[rd] സി. ജെസ്സി O.P - മണ്ണാർക്കാട്

**ചെറുകഥ**

I[st] ജോജി പി.ജെ. - കോട്ടപ്പുറം
II[nd] ഷാൻസി ജോർജ്ജ് - കണ്ടമംഗലം
III[rd] സി. സിസി O.P - മണ്ണാർക്കാട്

**കവിത**

I[st] സി. ജോയ്സി O.P - മണ്ണാർക്കാട്
II[nd] സി. തെരേസ് മരിയ CHF - മൈലംപുള്ളി
III[rd] സെലിൻ ടോം - തച്ചനടി

സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**മതാദ്ധ്യാപക ധ്യാനങ്ങൾ**

വിശ്വാസ ജീവിതത്തിലും പ്രാർത്ഥനാനുഭവത്തിലും പ്രേക്ഷിതാഭിമുഖ്യത്തിലും വളരുക, മതാദ്ധ്യാപക കൂട്ടായ് പരിപോക്ഷിപ്പിക്കുക, എന്നീ ലക്ഷ്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് മതാദ്ധ്യാപകർക്കായി ഫൊറോനടിസ്ഥാനത്തിൽ ഏകദിനധ്യാനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ ഫൊറോനയിലും നടത്തപ്പെടുന്ന ധ്യാനത്തിന്റെ തിയ്യതിയും സമയവും ചുവടെ ചേർക്കുന്നു.





| | |
|---|---|
| **നവം.5 വ്യാഴം** | മേലാർക്കോട്, വടക്കഞ്ചേരി, മംഗലഡാം ഫൊറോന |
| | (9.30am to 4.00pm വടക്കഞ്ചേരി ഫൊറോന ചർച്ച്) |
| | കാഞ്ഞിരപ്പുഴ & പൊന്നങ്കോട് ഫൊറോന |
| | (9.30am to 4.00pm കാഞ്ഞിരപ്പുഴ ഫൊറോന പാരീഷ് ഹാൾ) |
| **നവം. 17 ബുധൻ** | മണ്ണാർക്കാട് ഫൊറോന |
| | (9.30am to 4.00pm ഫൊറോന പാരീഷ് ഹാൾ) |
| | ഒറ്റപ്പാലം ഫൊറോന |
| | (9.30am to 4.00pm ഫൊറോന പാരീഷ് ഹാൾ) |
| **ഡിസം. 11 ശനി** | ഒലവക്കോട് ഫൊറോന |
| | (9.30am to 4.00pm ഫൊറോന പാരീഷ് ഹാൾ) |
| | പാലക്കാട് & തത്തമംഗലം ഫൊറോന |
| | (9.30am to 4.00pm പാസ്റ്ററൽ സെന്റർ) |
| | താവളം ഫൊറോന |
| | (9.30am to 4.00pm സെഹിയോൻ ധ്യാനകേന്ദ്രം) |

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 3-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു. ചോദ്യപേപ്പറുകൾ മതാദ്ധ്യാപകദിനത്തിന് വരുമ്പോൾ അതാതു സെന്ററുകളിലേക്ക് കൊണ്ടുപോകാവുന്നതാണ്.

**VIII, IX, X സെമിനാറുകൾ**

ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഫൊറോനതലത്തിൽ നടത്തിയ സെമിനാറുകൾ സമാപിച്ചു. ബഹു. റെനി പുല്ലുകാലയിൽ അച്ചന്റെ നേതൃത്വത്തിലുള്ള ക്രിസ്റ്റീൻ ടീമംഗങ്ങളാണ് സെമിനാറുകൾക്ക് നേതൃത്വം നൽകിയത്. 1074-പേരോളം സെമിനാറുകളിൽ പങ്കെടുത്തു. സെമിനാറുകൾക്ക് നേതൃത്വം നൽകിയ റെനി അച്ചനും ടീം അംഗങ്ങൾക്കും, സെമിനാറുകൾ മനോഹരമാക്കാൻ പരിശ്രമിച്ച ബഹു. അച്ചന്മാർക്കും, മതാദ്ധ്യാപകർക്കും, കുട്ടികൾക്കും ഒത്തിരിനന്ദി.

**I & II HDC സെമിനാറുകൾ**

HDC ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഫൊറോനതലത്തിൽ നടത്തിയ സെമിനാറുകൾ സമാപിച്ചു. 'ജീവന്റെ മൂല്യം' എന്നതായിരുന്നു ഈ വർഷത്തെ ചർച്ചാവിഷയം. ബഹു. ഫാ. ജോമിസ് കൊടകശ്ശേരി, ബഹു. അബ്രാഹം പുത്തൻകളം സാർ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. എട്ട് ഫൊറോനകളിൽ നിന്നായി 910-ഓളം പേർ സെമിനാറുകളിൽ പങ്കെടുത്തു. ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയവർക്കും, ഇത് മനോഹരമാക്കാൻ പരിശ്രമിച്ച എല്ലാ ബഹു. അച്ചൻമാർക്കും, മതാദ്ധ്യാപകർക്കും, കുട്ടികൾക്കും ആത്മാർത്ഥമായി നന്ദി.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

HDC കറസ്പോണ്ടൻസ് കോഴ്സിനായി രൂപതാമതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായുള്ള ക്ലാസുകളുടെ തിയ്യതികൾ ചുവടെ ചേർക്കുന്നു.

ക്ലാസ് നടക്കുന്ന തിയ്യതികൾ - ഒക്ടോബർ 16, 17, ഡിസംബർ 26

സ്ഥലം - പാസ്റ്ററൽ സെന്റർ.

NB: ഒക്ടോബർ 16ന് പാസ്റ്ററൽ സെന്ററിൽ താമസിക്കുവാൻ ഒരുങ്ങി വരേണ്ടതാണ്. പഠിക്കുന്ന പുസ്തകം, നോട്ട്ബുക്ക്, ബൈബിൾ, നോൺ ഡീറ്റെൽ, ബെഡ്ഷീറ്റ് എന്നിവ കരുതണം.

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. 2010 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. (കൂടുതൽ വിവരങ്ങൾക്ക് വിശ്വാസപരിശീലന കലണ്ടർ പേജ് 53 കാണുക)

**കുട്ടികളുടെ ക്വിസ് മത്സരം**

U.P, HS, HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 13ന് ഫൊറോന തലവും ഡിസംബർ 16 ന് രൂപതാ തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും. രൂപതാ തലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**NB: പഠനഭാഗം : ജനറൽക്വിസ് - 50%, ബൈബിൾ - 50% (മത്താ 1-14, യാക്കോ. 1-5)**

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 13-ാം തിയ്യതി ഫൊറോന





തലവും ജനുവരി 8 ന് രൂപതാ തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം : ജനറൽ ക്വിസ് - 50%, ബൈബിൾ - 50% (മത്താ 1-14, യാക്കോ 1-5)**

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

NB: രൂപതാതലത്തിൽ 'തിരുസഭ മാതാവും ഗുരുനാഥനും' എന്ന ബുക്ക്ലെറ്റിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്.

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 8-ാം തിയ്യതി വെള്ളിയാഴ്ച്ച നടത്തപ്പെടുന്നു. ചോദ്യപേപ്പറുകൾ മതാദ്ധ്യാപകദിനമായ ഒക്ടോബർ 2-ാം തിയ്യതി കൊണ്ടുപോകാവുന്നതാണ്.

**ജനറൽ ക്വിസ്**

1. രാജ്കോട്ട് രൂപതയുടെ പുതിയ ബിഷപ്പ്
   ബിഷപ്പ് ജോസ് ചിറ്റൂപറമ്പിൽ CMI

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# Bible Apostolate

**ലോഗോസ് ക്വിസ് 2010**

**സംസ്ഥാനതല പരീക്ഷ**

ലോഗോസ് ക്വിസ് 2010-ന്റെ സംസ്ഥാനതല പരീക്ഷ പി ഒസിയിൽ വച്ച് 2010 നവംബർ 28ന് നടത്തുന്നതായിരിക്കും.

**അഭിനന്ദനങ്ങൾ**

**ലോഗോസ് ക്വിസ് 2010-ൽ ആനുപാതികമായി ഏറ്റവും കൂടുതൽ പേരേ പങ്കെടുപ്പിച്ചതിന് നമ്മുടെ രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.** അതിനുവേണ്ടി പരിശ്രമിച്ച എല്ലാ ബഹു. അച്ചന്മാർക്കും മതാദ്ധ്യാപകർക്കും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ-2010**

വചനാധിഷ്ഠിത ചിന്തയും സാഹിത്യവും സംസ്കാരവും



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ രചനാമത്സരങ്ങൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തു പേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല

അല്മയാർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1: അല്മായർ
വിഷയം: ബൈബിളും മലയാള സാഹിത്യവും
ഗ്രൂപ്പ്നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ
വിഷയം: ബൈബിളും വൈദികപരിശീലനവും
ഗ്രൂപ്പ് നമ്പർ 3: സന്ന്യാസിനികൾ
വിഷയം: ബൈബിളും സന്ന്യാസപാരമ്പര്യവും

മത്സരത്തിനയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2010 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.





| മത്സര ഇനം | രജി. ഫീസ് | സമ്മാനങ്ങൾ First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്കനാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം-3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**പുതിയനിയമ ഓഡിയോ ബൈബിൾ**

ബൈബിൾ ചുരുങ്ങിയ വിലയ്ക്ക് എല്ലാ മാധ്യമങ്ങളിലൂടെയും ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷനും കിങ്ഡം മിനിസ്ട്രിയും സംയുക്തമായി പ്രസിദ്ധീകരിച്ച പുതിയ നിയമ ഓഡിയോ ബൈബിൾ (മൂന്ന് MP3 CD കൾ) ഇതുവരെ 180 രൂപയ്ക്കാണ് വിൽക്കപ്പെട്ടിരുന്നത് ഇനിമുതൽ അത് വെറും 50 രൂപയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ അതിനുള്ള ഓർഡറുകൾ എത്രയും വേഗം രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5, 6, 7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| ജനറൽക്വിസ് 2010 | - | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോന തല മത്സരം നവംബർ 20 ശനി - ഫൊറോന കേന്ദ്രങ്ങളിൽ
രൂപതാതല മത്സരം ഡിസംബർ 11 ശനി - പാസ്റ്ററൽ സെന്റർ.
ഫൊറോനതലത്തിൽ വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്.

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

2-ാം സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും
3-ാം സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**അൾത്താരസംഘം സെമിനാറുകൾ**

അൾത്താര ബാലൻമാർക്കായി ഫൊറോന തലത്തിൽ സംഘടിപ്പിച്ച സെമിനാറുകൾ സമാപിച്ചു. ഫാ. ജോയ് ചീക്കപ്പാറ, ഫാ. ബിജു കല്ലിങ്കൽ, ഫാ. ടെൻസൻ താന്നിക്കൽ, ഫാ. ബിജു പ്ലാത്തോട്ടത്തിൽ, ഫാ. ജോമിസ് കൊടകശ്ശേരി, ഫാ. നിലേഷ് തുരുത്തുവേലിൽ, ഫാ. സജി വട്ടുകുളത്തിൽ, ഫാ. അരുൺ കലമറ്റത്തിൽ, ബ്ര. ടോണി എന്നിവർ ക്ലാസുകൾ എടുത്തു. ക്ലാസുകൾക്ക് നേതൃത്വം നൽകിയവർക്കും ഇതിന്റെ വിജയത്തിനായി പരിശ്രമിച്ച എല്ലാവർക്കും ആത്മാർഥമായ നന്ദി.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, അൾത്താരസംഘം

# Family Apostolate

## പ്രീകാന കോഴ്സ്

**ഒക്ടോബർ 4, 5, 6, 7 നവംബർ 1, 2, 3, 4**
തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

ഒക്ടോബർ 7നും നവംബർ 4നും രാവിലെ 9.30ന് പ്രീകാനയിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായ് സജ്ജീകരിച്ചിരിക്കുന്ന ക്ലാസ്സിൽ എല്ലാ മാതാപിതാക്കന്മാരും പങ്കെടുക്കണം.

**റിസോഴ്സ് പേഴ്സൺസ്**

കുടുംബപ്രേഷിതത്വത്തിനു ഇടവകയിലെ അജപാലകരെ സഹായിക്കാൻ രൂപതാകേന്ദ്രത്തിൽ നിന്നും ഒരു ടീം സജ്ജീകൃതമായി കൊണ്ടിരിക്കുന്നു. ഇടവകയിൽ സജ്ജീകരിക്കുന്ന ഒന്നോ, രണ്ടോ ദിവസങ്ങളിലെ കുടുംബസെമിനാർ, കുടുംബനാഥന്മാർക്കോ, കുടുംബനാഥകൾക്കോ തനിച്ചു സംഘടിപ്പിക്കുന്ന സെമിനാറുകൾ, കുടുംബസമ്മേളന മീറ്റിംഗുകളിൽ സംഘടിക്കുന്ന ക്ലാസ്സുകൾ എന്നിവയ്ക്കു അനുയോജ്യമായ വിഷയങ്ങൾ ഈ Team ഒരുക്കിയിട്ടുണ്ട്. ഡിസംബർ 1 മുതൽ ഈ Team അംഗങ്ങൾ സംലഭ്യമാണ്. ക്ലാസ്സുകൾ നയിക്കുന്നവരുടെ പേരും, വിഷയങ്ങളും ചുവടെ ചേർക്കുന്നു. ഓരോ ഇടവകയ്ക്കും ആവശ്യമായ രീതിയിൽ വിഷയങ്ങൾ തിരഞ്ഞെടുത്തു ഡയറക്ടറച്ചനെ അറിയിച്ചു കഴിഞ്ഞാൽ അവരെ ഇടവകളിൽ എത്തിച്ചുതരുന്നതായിരിക്കും.

**കുടുംബം ദൈവപദ്ധതിയിൽ** :
ഫാ. ജോർജ്ജ് തുരുത്തിപള്ളി, ശ്രീ. സിസിൽ തോമസ്





**കുടുംബം നരകതുല്യമായി തീരുന്ന അവസ്ഥ** :
സി. പ്രീമ സി.എച്ച്.എഫ്, അഡ്വ. മിനി ഫ്രാൻസിസ്

**ഉത്തരവാദിത്വ പൂർണ്ണമായ മാതൃത്വവും, പിതൃത്വവും**
ശ്രീ. ആൻസൺ വള്ളിയറ, .ശ്രീ. ജേക്കബ് എം.പി, .റീത്ത ഇട്ടൂപ്പ്

**വിശ്വാസവും പ്രാർത്ഥനയും കുടുംബജീവിതത്തിൽ**
ശ്രീ. ഫ്രാങ്കോ കൊള്ളന്നൂർ, ശ്രീമതി. മേഴ്സി ജേക്കബ്

**കുടുംബവും ബന്ധങ്ങളും**
ശ്രീ. വർഗ്ഗീസ്, ശ്രീ. ലോറൻസ് കെ.പി

രൂപതയിലെ ഫാമിലി അപ്പസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ എല്ലാ ഫൊറോനകളിൽ നിന്നും അർത്ഥമായ പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ഒരു എക്സിക്യൂട്ടിവ് ബോഡി രൂപികരിച്ചിരിക്കുന്നു. താഴെ പറയുന്നവരാണ് പ്രതിനിധികൾ.

| | | |
|---|---|---|
| 1. | കത്തീഡ്രൽ ഫൊറോന | ശ്രീ. എ.എം. റാഫേൽ |
| 2. | ഒലവക്കോട് ഫൊറോന | ശ്രീ. അലക്സ് തോമസ് |
| 3. | വടക്കഞ്ചേരി ഫൊറോന | ശ്രീ. ജോണി ഡേവിസ് |
| 4. | മേലാർക്കോട് ഫൊറോന | ശ്രീ. കെ. പി. ലോറൻസ് |
| 5. | മംഗലംഡാം ഫൊറോന | ശ്രീമതി. സീന പ്രിൻസ് |
| 6. | കാഞ്ഞിരപ്പുഴ ഫൊറോന | ശ്രീ. ദേവസ്യാ കൂവക്കൽ |
| 7. | മണ്ണാർക്കാട് ഫൊറോന | ശ്രീ. ജോർജ്ജ് ജേക്കബ് |
| 8. | പൊന്നംകോട് ഫൊറോന | ശ്രീമതി. എൽസി ജെയിംസ് |
| 9. | അട്ടപ്പാടി ഫൊറോന | ശ്രീ. സണ്ണി ഉപ്പുമാക്കൽ |
| 10. | ഒറ്റപ്പാലം ഫൊറോന | ശ്രീ. സിസിൽ തോമസ് |
| 11. | തത്തമംഗലം ഫൊറോന | ശ്രീ. ഫ്രാൻസിസ് ഇഞ്ചോടിക്കാരൻ |
| | ആനിമേറ്റർ. | സി. പ്രീമ സി.എച്ച്.എഫ് |
| | സെക്രട്ടറി | ശ്രീ. ഫ്രാങ്കോ കൊള്ളന്നൂർ. |

**കുടുംബസമ്മേളനങ്ങങ്ങൾ**

നമ്മുടെ രൂപതയിൽ ഇടവകകളിൽ പ്രവർത്തിക്കുന്ന കുടുംബസമ്മേളന യൂണിറ്റുകൾക്ക് രൂപതാതലത്തിൽ ഒരു ഏകീകരണം കൊണ്ടുവരാൻ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിക്കപ്പെടുന്നു. ഒക്ടോബറിലെ ഫൊറോന മാസധ്യാനങ്ങളിൽ ഇതിനെപറ്റി ചർച്ച ചെയ്യപ്പെടും. കേരളത്തിലെ മിക്ക രൂപതകളിലും ഈ സംവിധാനം ആയികഴിഞ്ഞു. നമ്മുടെ രൂപതയിലും എത്രയും വേഗം ഈ സംവിധാനത്തിലേക്കു നാം എത്തിച്ചേരണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# കെ.സി.വൈ.എം.

**യൂത്ത് പാർലമെന്റ് - ലോഗോ പ്രകാശനം**

കെ.സി.വൈ.എം. പാലക്കാട് രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 1, 2, 3 തിയ്യതികളിൽ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്ന യൂത്ത് പാർലമെന്റിന്റെ ലോഗോ പ്രകാശനവും സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനവും ഫാ. ജോസ് പ്രകാശ് തൂണിക്കാവിൽ നിർവ്വഹിച്ചു.

യൂത്ത് പാർലമെന്റ് ഒക്ടോബർ 1 വെള്ളിയാഴ്ച രാവിലെ 11.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് 3-ാം തിയ്യതി 3 മണിക്ക് അവസാനിക്കും. യൂത്ത് പാർലമെന്റിനോടനുബന്ധിച്ച് ചേരുന്ന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത്, മോൺ. ജോസഫ് ചിറ്റിലപ്പള്ളി, റവ. ഫാ. ജോസ് പൊട്ടേപ്പറമ്പിൽ, ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ, ഫാ. ആന്റോ തൈക്കാട്ടിൽ, ഫാ. ടോം വടക്കേക്കര, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കെ. പി. ലോറൻസ്, കെ. സി. വൈ. എം. സംസ്ഥാന പ്രസിഡന്റ് ദീപക് ചേർക്കോട്ട്, രൂപതാ പ്രസിഡന്റ് ജിനീഷ് കുളത്തിനാൽ, ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ എ.എം. റാഫേൽ, കുമാരി അൽഫോൻസ ജോയ് എന്നിവർ പങ്കെടുക്കുന്നു.

**യുവജ്യോതിസ് 2010**

രൂപതയിലെ യുവജനങ്ങൾക്ക് പുത്തൻ ബോധ്യങ്ങൾ പകർന്നു നൽകുന്നതിനും ഭാവിയിലെ കരുത്തരായ യുവജനതയെ വാർത്തെടുക്കുന്നതിനുമായി സംസ്ഥാനസമിതി സെപ്റ്റംബർ 9, 10, 11 തിയ്യതികളിൽ സംസ്ഥാനക്യാമ്പ് നടത്തി. പ്രസ്തുത ക്യാമ്പ് പി.എസ്.എസ്.പി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന റിസോഴ്സ് പേഴ്സൺ ബിജു വിൻസെന്റ് ക്യാമ്പ് നയിച്ചു.

**ഉത്സവ് 2010**

നമ്മുടെ രൂപതയിലെ യുവജനങ്ങളുടെ കലാപരവും കായികപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി രണ്ട് സോണുകളിലായി നടത്തപ്പെടുന്ന ഉത്സവ് 2010 കലാകായിക മത്സരങ്ങൾ നവംബർ 5, 17 തിയ്യതികളിലായി നടത്തപ്പെടുന്നതാണ്. മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും പൂർണ്ണവിവരങ്ങളും സർക്കുലറിലൂടെ ലഭ്യമാക്കുന്നതാണ്.

**സോൺ എ.**

പാലക്കാട്, തത്തമംഗലം, ഒലവക്കോട്, വടക്കുഞ്ചേരി, മംഗലംഡാം, മേലാർക്കോട്.





**സോൺ. ബി**

താവളം, മണ്ണാർക്കാട്, കാഞ്ഞിരപ്പുഴ, പൊന്നംകോട്, ഒറ്റപ്പാലം

**നന്ദി**

ധോണി സ്റ്റാർട്ടിൽ വെച്ച് നടത്തപ്പെട്ട സംസ്ഥാന ക്യാമ്പിൽ പങ്കെടുത്ത് ക്യാമ്പിനെ വിജയിപ്പിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും യുവജനങ്ങളെ ക്യാമ്പിനായി പറഞ്ഞയച്ച എല്ലാ ഫൊറോന ഡയറക്ടർമാർക്കും യൂണിറ്റ് ഡയറക്ടർമാർക്കും നന്ദി.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# സി എൽ സി.

**കലാകായിക മത്സരം**

നവംബർ 13ന് നടത്തപ്പെടുന്ന മത്സരത്തിന് രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തിയ്യതി ഒക്ടോബർ 30. യൂണിറ്റ് ആനിമേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കലാകായിക മത്സരം 2010**

എല്ലാ വർഷത്തേതുപോലെ ഈ വർഷവും രൂപത സി.എൽ.സി. കലാകായിക മത്സരങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത മത്സരങ്ങൾ ഇടവകയിൽ നടത്തി വിജയിക്കുന്ന ഒന്നും രണ്ടും സ്ഥാനക്കാരെ രൂപതാമത്സരത്തിൽ പങ്കെടുപ്പിക്കണം. ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ ആൺ പെൺ വിഭാഗങ്ങളായിട്ടായിരിക്കും മത്സരങ്ങൾ. മത്സരനിബന്ധന ചുവടെ ചേർക്കുന്നു.

**കായിക മത്സരം**

100 മീറ്റർ ഓട്ടമത്സരം : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ
200 മീറ്റർ ഓട്ടമത്സരം : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ
ഷോട്ട്പുട്ട് : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ
ജാവ്‌ലിൻ ത്രോ : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ
4ഃ 100 മീറ്റർ റിലേ : ഇടവകയിൽ നിന്ന് ഒരു ടീം (ആൺകുട്ടികൾ) ഒരു വ്യക്തിക്ക് റിലേ ഒഴികെ മൂന്നിനത്തിൽ മാത്രമെ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കുകയുള്ളൂ.

**കലാമത്സരങ്ങൾ**

ഇനം, പങ്കെടുക്കുന്നവർ, നിബന്ധനകൾ

1. പ്രസംഗം : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ
   വിഷയം 5 മിനിറ്റ് മുമ്പ്, 5 മിനിറ്റ് പ്രസംഗം.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

2. ലളിതഗാനം : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ ക്രിസ്തീയ ഭക്തിഗാനങ്ങൾ / ക്രിസ്തീയ ആൽബം (5 മിനിറ്റ്).
3. മോണോ ആക്ട് : ജൂനിയർ ആൺ പെൺ, സീനിയർ ആൺ പെൺ ബൈബിളിലെ പഴയനിയമം, ജോബിന്റെ പുസ്തകം – 5 മിനിറ്റ്.
4. ഗ്രൂപ്പ് സോംഗ് : ഗ്രൂപ്പ് – 5–7 പേർ, 7 മിനിറ്റ്, ക്രിസ്തീയ ഭക്തിഗാനങ്ങൾ
5. സി.എൽ.സി. ആന്തം : ഗ്രൂപ്പ് 5–7 പേർ– മുന്നണി... മുന്നണി... ഫ്ളാഗ്, സി.എൽ.സി ബാഡ്ജ്, യൂണിഫോമിറ്റി എന്നിവ ഉണ്ടായിരിക്കണം.
6. കൊളാഷ് 2010 (വിഷയം : സഭാജീവിതം സംഘടനാ പ്രവർത്തനത്തിലൂടെ) കമ്പ്യൂട്ടർ പ്രിന്റ് ഒട്ടിക്കാൻ പാടില്ല. (ചിത്രങ്ങളും എഴുത്തുകളും ആവാം) ചാർട്ട് പേപ്പറിലാണ് കൊളാഷ് തയ്യാറാക്കേണ്ടത്. (ചാർട്ടുപേപ്പർ കൊണ്ടുവരേണ്ടതില്ല.), സ്കെച്ചും ചിത്രങ്ങളും ഉപയോഗിക്കാം (മാഗസിൻ / പേപ്പർ ചിത്രങ്ങൾ മാത്രം), ആശയം പ്രതിഫലിപ്പിക്കണം. ഒരു യൂണിറ്റിൽ നിന്നും അഞ്ചുപേരടങ്ങുന്ന ഒരു സംഘത്തിന് മത്സരിക്കാം. തലക്കെട്ട് നിർബന്ധമാണ്. പേപ്പർ മെറ്റീരിയൽസ് മാത്രമെ ഉപയോഗിക്കാവൂ. സമയം 10 മിനിറ്റ്.
7. ബൈബിൾ ദൃശ്യാവതരണം : ഗ്രൂപ്പ് 7 – 10 പേർ, 10 മിനിറ്റ്, (സ്റ്റേജ് അറേജ്മെന്റ് ഉൾപ്പെടെ) വിഷയം ലൂക്കായുടെ സുവിശേഷം. റെക്കോർഡിംസ് പാടില്ല.

ഗ്രൂപ്പിനങ്ങൾക്ക് പുറമെ രണ്ട് ഇനത്തിന് മാത്രമെ ഒരു വ്യക്തി പങ്കെടുക്കാവൂ.

ഇടവകയിലെ വിജയികളുടെ പേരുകൾ (ജനന തിയ്യതി നിർബന്ധം) നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് 30.10.2010ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. 30.10.2010ന് ശേഷം യാതൊരു കാരണവശാലും പേരുകൾ മാറ്റുന്നതല്ല. ഫോമിൽ യൂണിറ്റ് ഡയറക്ടറും പ്രസിഡന്റും നിർബന്ധമായും ഒപ്പുവെയ്ക്കുകയും യൂണിറ്റ് സീൽ പതിക്കുകയും ചെയ്യണം. ഇവയൊന്നും ഇല്ലാത്ത ഫോം അയോഗ്യമായി കണക്കാക്കും.

ജൂനിയർ : 01.01.1997ന് ശേഷം ജനിച്ചവർ

സീനിയർ : 01.01.1993നും 31.12.1996നും ഇടയിൽ ജനിച്ചവർ

രജി. ഫീസ് വ്യക്തിഗതയിനത്തിൽ 10 രൂപ, ഗ്രൂപ്പിനങ്ങൾക്ക് 75 രൂപ

മത്സര തിയ്യതി : 13.11.2010

അന്നേ ദിവസം ഭക്ഷണം ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വ്യക്തിക്ക് 22 രൂപ.

പ്രാർത്ഥന : തിരുസ്സഭയെ സ്നേഹിക്കാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

പഠനം : കൂദാശകൾ – അനുദിന ജീവിതത്തിൽ

പ്രവർത്തനം : വി. കുർബാനയിൽ സജീവമായി പങ്കുകൊള്ളുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.





# സി.എം.എൽ.

ഒക്ടോബർ – കർമ്മഭൂമിയിൽ കൊയ്ത്തുകാരാവുക.

1 ബുധൻ — വി. കൊച്ചുത്രസ്യായുടെ തിരുനാൾ
അസാധാരണ സമ്മേളനവും ദിവ്യകാരുണ്യ സ്വീകരണവും നടത്തുക.

2 ശനി — രൂപതാ കലോത്സവ രജിസ്ട്രേഷൻ അവസാനദിവസം
മതാദ്ധ്യാപകദിനം
രൂപതാ ട്രോഫികൾ തിരികെയെത്തിക്കുക.
സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും എക്സിക്യൂട്ടീവും

3 ഞായർ — ചെറുപുഷ്പ മിഷൻ ലീഗിന്റെ 63–ാം സ്ഥാപകദിനം
പതാകദിനം (ശാഖകളിൽ പതാകയുയർത്തി അഭിവാദനം ചെയ്യുക.)

9. ശനി — രൂപതാ കലോത്സവം
സ്ഥലം : പാലക്കാട് പാസ്റ്ററൽ സെന്റർ

12 ചൊവ്വ — വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം

16 ശനി — വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ തിരുനാൾ
മിഷൻ ഞായറിനോടനുബന്ധിച്ച് ഭവന സന്ദർശനം ശാഖാ തലത്തിൽ നടത്തുക
സംസ്ഥാന കലോത്സവ രജിസ്ട്രേഷൻ അവസാന ദിവസം
മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തുകയും സംഭാവനകൾ ശേഖരിച്ച് മിഷൻ കേന്ദ്രങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്യുക.
മിഷൻ ലീഗ് അംഗങ്ങൾ വ്യക്തിപരമായി ജപമാലയർപ്പിക്കുക
അംഗത്വസ്വീകരണവും, നവീകരണവും ആഘോഷപൂർവ്വം നടത്തുക.
ശാഖാ സെമിനാറുകൾ നടത്തുക.

സുകൃതജപം : വി. കൊച്ചുത്രേസ്യായെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# മാതൃസംഘം

**ഷാലോം സിംഗിൾസ്**

നമ്മുടെ ഇടവകകളിൽ വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം കഴിയാത്ത വരും വിവാഹിതരാകാൻ ആഗ്രഹിക്കാത്തവരുമായ സ്ത്രീകളുടെ കൂട്ടായ്മ രൂപതാ തലത്തിൽ സംഘടിപ്പിക്കുന്നു. ഇടവകയിലെ പ്രസ്തുത അംഗങ്ങ ളുടെ പേരുകളും അഡ്രസും ശേഖരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

**പഠനം**

പരിസര ശുചീകരണവും പ്രകൃതിസംരക്ഷണവും.

ശുചിത്വമുള്ളവരാകുക, മനുഷ്യരാകുക, വിശുദ്ധരാകുക (Cleanliness is next to Godliness)

ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

(വീട്ടിൽ ശുചിത്വം- നാട്ടിൽ ശുചിത്വം)

പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമാർജ്ജനം

ചെയിൻ റോസറി എല്ലാ വീടുകളിലും ബന്ധിപ്പിച്ച് നടത്തുക.

**സൃഷ്ടി**

മാതൃസംഘം രൂപതാതല കയ്യെഴുത്ത് പ്രതി സമർപ്പിച്ച എല്ലാ യൂണിറ്റു കൾക്കും നന്ദി. ബഹു. ഡയറക്ടർ അച്ചന്മാർക്കും ബഹു. സി. ആനിമേറ്റേഴ്സിനും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും അഭിവാദനങ്ങളോടെ നന്ദി.

**സൗഹൃദോത്സവ് 2010**

ഫൊറോന ലിസ്റ്റ് രൂപതയിൽ ഏല്പിക്കേണ്ട അവസാന തിയ്യതി 2010 നവം ബർ 1ന് 3 മണിക്ക് മുമ്പ്. മാതൃസംഘം രൂപതാ ഓഫീസ് പാസ്റ്ററൽ സെന്റർ പാലക്കാട്. രജിസ്ട്രേഷൻ ഫീസോടുകൂടി ലിസ്റ്റ് കൊടുക്കുക. ഭക്ഷണം ആവശ്യമുള്ളവർ ( ഉച്ചഭക്ഷണം 30) എണ്ണവും തുകയും ഏല്പിക്കുക.

**രചനാമത്സരങ്ങൾ 2010**

മത്സരങ്ങളിൽ കവിതാരചന, പെയ്ന്റിഗ് എന്നീ മത്സരങ്ങൾ 2010 നവം ബർ 1-ാം തിയ്യതി രാവിലെ 10 മണിക്ക് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. ഫൊറോനയിൽ നിന്നുള്ള മത്സരാർത്ഥികൾ 1-ാം തിയ്യതി എത്തി മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.





**ഏദൻ 2010 അടുക്കളത്തോട്ടമത്സരം**

അടുക്കളത്തോട്ട മത്സരാർത്ഥികൾ കുറവായതിനാൽ രജിസ്റ്റർ ചെയ്ത എല്ലാ എൻട്രികൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. ഏവർക്കും അഭി നന്ദനങ്ങൾ.

ശ്രീമതി സൂസി ജോയ് പൂവ്വത്തിങ്കൽ, ശ്രീമതി ഏലിക്കുട്ടി വർഗ്ഗീസ് പുത്തൻവെളിയിൽ, ശ്രീമതി ചിന്നമ്മ ജോസ് പടന്നമാക്കൽ, ശ്രീമതി ജാൻസി ആന്റണി കളരിക്കൽ.

**വാക് കളരി- രൂപതാഡിബേറ്റ് 2010**

പങ്കെടുത്ത എല്ലാ ഫൊറോന ടീമുകൾക്കും അഭിനന്ദനങ്ങൾ. വളരെ മനോഹരമായി ഒരുങ്ങി എല്ലാവരും ആവേശത്തോടെ പങ്കെടുത്തു പ്രത്യേകം നന്ദി.

| | |
|---|---|
| ഒന്നാം സ്ഥാനം | ഒറ്റപ്പാലം ഫൊറോന |
| രണ്ടാം സ്ഥാനം | വടക്കഞ്ചേരി ഫൊറോന |
| മൂന്നാം സ്ഥാനം | മണ്ണാർക്കാട്, മേലാർക്കോട് ഫൊറോനകൾ |
| നാലാംസ്ഥാനം | ഒലവക്കോട് ഫൊറോന |
| അഞ്ചാം സ്ഥാനം | കാഞ്ഞിരപ്പുഴ ഫൊറോന |

**മാതൃസംഘം ഫൊറോന കോ-ഓർഡിനേറ്റേഴ്സ്**

| | |
|---|---|
| താവളം ഫൊറോന | റവ. ഫാ. ആന്റണി നെടുംപുറത്ത് |
| മണ്ണാർക്കാട് ഫൊറോന | റവ. ഫാ. ജോബി കുന്നത്തേട്ട് |
| കാഞ്ഞിരപ്പുഴ ഫൊറോന | റവ. ഫാ. ജോസ് അങ്ങേവീട്ടിൽ |
| പൊന്നംകോട് ഫൊറോന | റവ. ഫാ. ജോൺ ആളൂർ |
| ഒലവക്കോട് ഫൊറോന | റവ.ഫാ. ജോസ്പ്രകാശ് തൂണിക്കാവിൽ |
| പാലക്കാട് ഫൊറോന | റവ. ഫാ. ജോഷി പുത്തൻപുരയിൽ |
| തത്തമംഗലം ഫൊറോന | റവ. ഫാ. ടോണി കൊള്ളന്നൂർ ഇണക |
| ഒറ്റപ്പാലം ഫൊറോന | റവ. ഫാ. സേവ്യർ വളയത്തിൽ |
| വടക്കഞ്ചേരി ഫൊറോന | റവ. ഫാ. ടോം വടക്കേക്കര |
| മംഗലംഡാം ഫൊറോന | റവ. ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ |
| മേലാർക്കോട് ഫൊറോന | വെരി. റവ. ഫാ. സെബാസ്റ്റ്യൻ മംഗലൻ |

എല്ലാ അച്ചന്മാർക്കും മാതൃസംഘം രൂപതാകുടുംബത്തിന്റെ സ്വാഗതം

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഒക്ടോ. | 3-8 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോ. | 10-15 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. | 17-22 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. | 24-29 | പവർ കോൺഫറൻസ് ഫോർ പ്രീസ്റ്റ്സ്-3<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ഒക്ടോബർ 3 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ഒക്ടോബർ 17 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.





# നവീകരണ മുന്നേറ്റം

**ഏകദിന ദമ്പതിധ്യാനം**

ഒക്ടോബർ 9-ാം തിയതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ഏകദിന ദമ്പതി കൺവൻഷൻ നടത്തുന്നു.

**ലീഡേഴ്സ് കൂട്ടായ്മ**

സോൺ തലത്തിൽ പതിവുള്ള ലീഡേഴ്സ് കൂട്ടായ്മ ഒക്ടോബർ 22 വെള്ളിയാഴ്ച്ച (ജാഗരണ പ്രാർത്ഥനയുടെ തലേ വെള്ളിയാഴ്ച്ച) രാവിലെ 10.00 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാ ലീഡേഴ്സും നവീകരണ മുന്നേറ്റത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ജാഗരണ പ്രാർത്ഥന**

പാലക്കാട് സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീം നേതൃത്വം നൽകുന്ന ജാഗരണ പ്രാർത്ഥന 2010 ഒക്ടോബർ 29 വെള്ളി രാത്രി 7.30 മുതൽ പിറ്റേന്ന് രാവിലെ 5.00 വരെ പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ വച്ച് നടത്തുന്നു.

ഡയറക്ടർ റവ.ഫാ. റെനി പുല്ലുകാലായിൽ & ടീം ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ഈ രാത്രിയിൽ നമുക്ക് ഒരുമിച്ച് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കാം.

**ക്രിസ്റ്റീൻ മൂവ്മെന്റ്**

ഒക്ടോബർ 9-ാം തിയതി (രണ്ടാം ശനിയാഴ്ച്ച) സെന്റ് റാഫേൽസ് സ്കൂളിൽ വച്ച് കുട്ടികൾക്കായി ഏകദിന ക്രിസ്റ്റീൻ ധ്യാനം ഉണ്ടായിരിക്കും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

**2010 ഒക്ടോബർ 3 മുതൽ 8 വരെ, 17 മുതൽ 22വരെ**

എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് അവസാനിക്കുന്നു.

**ഫാ. ജോർജ്ജ് കുന്നേൽ**
ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# പി.എസ്.എസ്.പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 6.10.2010–ന് ബുധാനാഴ്ച്ച 11–മണിക്ക് പി.എസ്.എസ്.പിയിൽ വച്ച് നടത്തുന്നു.

**ബ്ലോക്കു ഫെഡ് മീറ്റിംഗ്**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.10.10 | വെള്ളി | ചിറ്റൂർ ബ്ലോക്ക് | പെരുമാട്ടി പഞ്ചായത്ത് ഹാൾ | 11am |
| 8.10.10 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി മഹിളാ സമാജം | 2pm |
| 8.10.10 | വെള്ളി | ആലത്തൂർ | FCC വടക്കുംഞ്ചേരി | |
| 11.10.10 | തിങ്കൾ | പാലക്കാട്, മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11am |
| 13.10.10 | ബുധൻ | മണ്ണാർക്കാട് | പൂഞ്ചോല മഹിളാസമാജം | 11am |
| 14.10.10 | വ്യാഴം | ശ്രീകൃഷ്ണപുരം | പ്ലാത്തോട്ടം മഹിളാസമാജം | 11am |
| 20.10.10 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ് ഹാൾ | 11am |

**റീജിയണൻ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 19.10.10 | ചൊവ്വ | സാൻജോ ടവർ | 10 am to 2 pm |
| 20.10.10 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11 am to 2 pm |
| 21.10.10 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11 am to 2 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് തിരഞ്ഞെടുക്കപ്പെട്ട തൊഴിലാർത്ഥികൾക്കു വേണ്ടി 2010 ഒക്ടോബർ മാസം നടപ്പിലാക്കുന്ന സാങ്കേതിക തൊഴിൽ പരിശീലനങ്ങൾ:





| നമ്പർ | കോഴ്സുകൾ | സ്ഥലം | ബാച്ച് എണ്ണം | പഠിതാക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | ഫാബ്രിക് പെയ്ന്റിംഗ് | അട്ടയാംപതി | 1 | 20 |
| 2 | കൂൺകൃഷി, കൂൺ സംസ്ക്കരണം | മേലൂർ, ഒറ്റപ്പാലം | 1 | 20 |
| 3 | കട്ടിംഗ് & ടെയ്‌ലറിംഗ് | വടകരപ്പതി | 2 | 50 |
| 4 | കട്ടിംഗ് & ടെയ്‌ലറിംഗ് | പാറശ്ശേരി | 1 | 25 |

**സെൽഫ് ഫിനാൻസിംങ് കോഴ്സുകളുടെ അഡ്മിഷൻ തുടരുന്നു**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലാ ആസ്ഥാനമായ ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ വെച്ച് ആരംഭിക്കുന്ന സെൽഫ് ഫിനാൻസിങ്ങ് കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു. കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത കോഴ്സുകളുടെ പ്രവേശനത്തിന് വിദ്യാഭ്യാസയോഗ്യത ബാധകമല്ല.

| നമ്പർ | കോഴ്സുകൾ | കാലാവധി |
|---|---|---|
| 1 | ഫാഷൻ ഡിസൈനിംഗ് | 6 മാസം |
| 2 | ഹാന്റ് & മെഷീൻ എംബ്രോയിഡറി | 6 മാസം |
| 3 | സ്ക്രീൻ പ്രിന്റിംഗ് & ടെക്സ്റ്റൈൽ പ്രിന്റിംഗ് | 3 മാസം |
| 4 | മൊബൈൽ ഫോൺ റിപ്പയറിംഗ് & സർവ്വീസിംഗ് | 3 മാസം |

**ഗാന്ധി ജയന്തി ആഘോഷം**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടും പുതുശ്ശേരി ജനസേവന ചാരിറ്റബിൾ സൊസൈറ്റിയും സംയുക്തമായി ഗാന്ധി ജയന്തി ആഘോഷിക്കുന്നു. ഒക്ടോബർ 2–ാം തിയതി രാവിലെ 10–മണിക്ക് പുതുശ്ശേരി പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വച്ച് നടക്കുന്ന ആഘോഷ പരിപാടികളുടെ ഉദ്ഘാടനം മലയാള മനോരമ റസിഡന്റ് എഡിറ്റർ ശ്രീ. ജോയ് ശാസ്താംപടിക്കൽ നിർവ്വഹിക്കും.

**സേവനവാരം**

ജില്ലാഫെഡും ബ്ലോക്ക് ഫെഡുകളും ചേർന്ന് ഒക്ടോബർ 2–ാം തിയ്യതി മലമ്പുഴ ചേമ്പന ആദിവാസികോളനി ശുചീകരണവും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിക്കുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**2010 സെപ്റ്റംബർ**

3 – പാടൂർ ഹോളി ക്രോസ് ഇടവകയിൽ സി. ട്രീന സി.എം.സിയുടെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

4 – മാങ്കുറുശ്ശി സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ ഫാ. ജോസ് കൊച്ചുപറമ്പിലിന്റെ അമ്മയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

5 – കരിമ്പ സി.എം.സി. നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

– മണ്ണാർക്കാട് പ്രസാദ് മാതാ നിത്യാരാധനാ കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

6 – മണ്ണാർക്കാട് ഹോളിസ്പിരിറ്റ് ഫൊറോന പള്ളിയിൽ വി. കുർബാനയർപ്പിച്ചു.

പൂഞ്ചോല ലിറ്റിൽ ഫ്ളവർ ദൈവാലയവും ഉരുൾപൊട്ടിയ പ്രദേശവും സന്ദർശിച്ചു.

– കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഐ.ടി.സി. വിദ്യാർത്ഥികളുടെ കൾച്ചറൽ അക്കാഡമി ഉദ്ഘാടനം ചെയ്തു.

– അലനെല്ലൂർ സെന്റ് ജോസഫ് ദൈവാലയം സന്ദർശിച്ചു.

8 – ജിം ഓഫ്സെറ്റ് പ്രസ്സിൽ പുതിയ മൾട്ടികളർ മെഷീൻ വെഞ്ചരിച്ചു.

– കഞ്ചിക്കോട് ഗുഡ് ഷെപ്പേർഡ് ദൈവാലയത്തിൽ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

9 – ത്രിത്വമല ഹോളി ട്രിനിറ്റി സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിച്ചു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

10 – കാരമുക്ക് കണ്ടശ്ശാംകടവ് ഇടവകയിൽ ഫാ. ജോർജ്ജ് പുത്തൻചിറ സി.എം.ഐയുടെ പിതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– മുതുകാട് നസ്രത്ത് എയ്ഡ്സ് കെയർ സെന്ററിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു.

11 – തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ജോർജ്ജ് മാളിയേക്കൽ അച്ചനെ സന്ദർശിച്ചു.

12 – കല്ലടിക്കോട് മേരിമാതാ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

– കാരാകുർശ്ശി സെന്റ് മേരീസ് ഇടവക സന്ദർശിച്ചു. സൺഡേ സ്കൂൾ കുട്ടികൾക്ക് സന്ദേശം നൽകി.

13 – പാസ്റ്ററൽ സെന്ററിൽ, പി.എസ്.എസ്.പിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാന്റെ (ജെ.എസ്.എസ്.) സർട്ടിഫിക്കറ്റ് വിതരണത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

13-18 യുവക്ഷേത്രയിൽ വൈദികരോടൊപ്പം വാർഷികധ്യാനത്തിൽ സംബന്ധിച്ചു.

19 – തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു. മാളിയേക്കൽ അച്ചനെയും ചൂണ്ടൽ സെന്റ് ജോസഫ് എന്നീ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു. വിൻസെന്റ് ഒല്ലൂക്കാരൻ അച്ചനെയും സന്ദർശിച്ചു.

21 – പാലക്കാട് ടൗൺഹാളിൽ സെഹിയോൻ ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

– മുട്ടിക്കുളങ്ങര മേരിലാന്റ് പ്രൊവിൻഷ്യൽ ഹൗസിൽ അഞ്ച് സന്യാസിനികളുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

22 – കാഞ്ഞിരപ്പുഴ അസംപ്ഷൻ ചാപ്പലിൽ സി. ബെറ്റി നൈനാൻ MSJയുടെയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

23 – തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

– ധോണി ക്രിസ്റ്റഫർ ഐ.ടി.സിയുടെ പുതിയ കെട്ടിടം വെഞ്ചരിച്ചു. പുതിയ കോഴ്സുകൾ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

25 – പാസ്റ്ററൽ സെന്ററിൽ വിൻസെന്റ് ഡി പോൾ സെൻട്രൽ കൗൺസിലിന്റെ വാർഷികത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

26 – കോടന്തുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബനയർപ്പിച്ചു.

27 – ഷൊർണൂർ ഗണേഷ്ഗിരി ക്രിസ്തുജ്യോതി കപ്പൂച്ചിൻ പ്രൊവിൻസിന്റെ കീഴിലുള്ള മിഷൻ ഹോം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

28 – രൂപതാ വൈദികർക്കൊപ്പം വല്ലാർപ്പാടം പള്ളിയിലേക്ക് നടത്തിയ തീർത്ഥാടനത്തിൽ സംബന്ധിച്ചു.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.